32D O32,1M78;53 H4 VIRASRINKHALE

120

120

MURUGAN BINDING WORKS
NO. 3. BOMMULU IYER STREET
ELEPHANTGATE, MADRAS-1.

DOCTRINA-VIM-PROMOVET-INSITAM

MADRAS UNIVERSITY
DEPARTMENTAL LIBRARIES.

Call Number 032:1M78253 HG
Accession Number 117654
Section 32D

120

This book should be returned on or before
the date last marked below.

117454

വീരശൃംഖല

32D
032:1M78:53
[H4]

വള്ളത്തോൾ

വീരശൃംഖല

Vira Srinkhale

UNIVERSITY LIBRARY, MADRAS.
27 DEC 1945

വള്ളത്തോൾ

DEPARTMENTAL LIBRARIES UNIVERSITY OF MADRAS.
—7 JAN 1946

വി. സുന്ദരയ്യർ & സൺസ്,
തൃശ്ശിവപേരൂർ.

ഒന്നാം പതിപ്പ്

കോപ്പി 1000

തൃശ്ശിവപേരൂർ വിദ്യാവിനോദിനി
അച്ചുക്കൂടത്തിൽ അച്ചടിച്ചതു്.

32 D
117454
032:1M78:53
[44]

വില ഒന്നര ഉറുപ്പിക.

എല്ലാ പ്രതികളിലും ഗ്രന്ഥകൎത്താവിന്റെ
സീലുണ്ടായിരിക്കും.

UNIVERSITY LIBRARY
27 DEC 1945

വീരശൃംഖല

കേക

൧. "ഹാ തോഴീ, വരുവതു, മടിയിലെന്താണെ"ന്നാരാം
സൌധോപാഗതയോടു സാദരമാരോമലാൾ.
"മടിയിലെന്താണെന്നും മനസ്സിലെന്താണെന്നും
മടിയാതുരയ്ക്കുമോ മത്ത്യരാരാനും മുഗ്ദ്ധേ?
അഴിഞ്ഞു തൂങ്ങിക്കിടക്കുകയാണല്ലോ നിൻപൂം-
കുഴലിത, നാഥത്വം പെട്ടപോലവശമായ്;
ഇതൊന്നു ചീകിക്കെട്ടിയ്ക്കട്ടെ മുല്ലാടി ഞാനെ"-
ന്നതിഥി നിലക്കൊണ്ടാളാതിഥേയിതൻ പിന്നിൽ.
ഉൾപ്പൂക്കു ചരിച്ചിത, പ്പട്ടുതലിഴച്ചാത്തിൽ-
ശ്ശില്പകോവിദങ്ങളാം സഖിതൻ വിരലുകൾ.
കാറവാർകുഴൽ പിന്നിൽക്കെട്ടിവെച്ചു, തിൻമീതേ
ചാറിച്ചാളവളൊരു ചംപകപ്പൂമാല്യത്തെ.
(മടിയിലിരുന്നതീ മഞ്ജുമാലികയത്രേ;
മനസ്സിലിരുന്നതോ പൊന്നൊളിസ്സൌഹാർദ്ദവും.
പെട്ടെന്നു പരന്നിതങ്ങുരുസൌരഭ്യം; വല്ല
മട്ടിലുമതു മുകർന്നൊന്നു വീർപ്പിടാൻവേണ്ടി
പട്ടാടമറയണിപ്പൊൻജനാൽകളിലൂടെ-
യൊട്ടൊട്ടു തലയിട്ടാനകത്തെത്തുന്നിത്തെന്നൽ.)

DEPARTMENTAL LIBR

൫. എന്നിട്ടുചോദിച്ചാളി, "നിന്റെസൈരന്ധ്രീകൃത്യം
നന്നായോ? കനിഞ്ഞൊന്നു നോക്കുക കണ്ണാടിയിൽ;
എന്നാലെന്നനുജത്തി തീർച്ചയായ് ക്കാണുമതി-
ലുന്നിദ്രചാമ്പേയാവതംസയാം ചൈത്രശ്രീയെ!
അല്ലെങ്കിലിസ്സൌന്ദര്യ്യം നുകരാനാർതൻ കണ്ണോ
നല്ല നൈപുണിയുള്ളോ,നന്ധധന്യനിതാ, വന്നു—
വാനമാം കച്ചേരിയിലിന്നത്തെത്തൊഴിൽ തീർന്ന
ഭാനുമാനതാ, സന്ധ്യാദേവിയെസ്സമീപിച്ചു."
ഉല്ലളൽസ്മിതഗർഭമാകിയ കവിളത്ത-
ക്കല്യാണിമണിയുടെ കൈവിരൽത്തളിർകളാൽ,
സല്ലീലമായുള്ളോരു തിരുമ്മലത്രേ, തദാ
കല്യയാം സൈരന്ധ്രിയ്ക്കു കൈവന്ന പണിക്കൂലി!

൬. സ്നേഹിതനിഷ്ക്രാന്തയായ്;കണവൻപ്രവേശിച്ചു
ഗേഹിനി പൂമച്ചിലേയ്ക്കോടിനാൾ മിന്നല്പ്പോലെ.
ആളിതൻ ചാമ്പേയപ്പൂ ചൂഴന്ന കൂന്തൽക്കെട്ടും,
വ്രീളതൻ പനിനീർപ്പൂ പതിഞ്ഞ കവിളുമായ്,
കേളിലോലുപനാകും കാന്തന്റെ ചാരേ നില്പാ-
നാളാകുമെമ്മട്ടാത്തധൈര്യ്യമീ നവോഢയാൾ?
എന്നാലക്കുതിച്ചോട്ടം പാഴിലായ്, സാരിത്തുമ്പു
തന്നാഥനുടെ നീണ്ട കൈക്കുള്ളിൽപ്പെട്ടുകയാൽ.
"നില്ക്കുകോമനേ, നില്ക്കുക,ന്യോന്യമകലുക
ദുഷ്കര,മാത്മാവാത്മാവോട്ടടക്കിയ നമ്മാൽ.
മണ്ടുന്നതെന്തിന്നേവം? ചമ്പകപ്പൂവിൻ ഗന്ധം-
കൊണ്ടു വല്ലായ്മക്കൊരാൾ വാൻ വണ്ടാണോതവകാന്തൻ?

ആരുടെ സമ്മാനമിദ്ധമ്മില്ലാഭരണം തേ?"
ചാരുപുഞ്ചിരി പൊഴിച്ചഭിനന്ദിച്ചാൻ കാന്തൻ: —
"കാറിനെക്കൊല്ലീഴിട്ട കാന്തിവായ്പിതു തുപ്പൊൻ-
വീരശൃംഖല വാങ്ങാൻ തികച്ചുമർഹം തന്നേ;
ഹേ രമ്യേ ജയലക്ഷ്മി, നിൻസമാശ്ലേഷാൽ ഞാനും
വീരശൃംഖല നേടീടാവൂ ജീവിതപ്പോരിൽ!"

PARLIAMENT LIBRARIES
—7 JAN 1946
UNIVERSITY OF MADRAS.

II

ആ കപ്പൽയാത്ര

(കാകളി)

൧. ബന്തർ വിട്ടെൻകപ്പലേ,തോ പെരിയോരു
ജന്തുപോലൊട്ടൊട്ടിഴകയായാഴിയിൽ;
എന്നാദിമക്കപ്പൽയാത്രയെക്കൊണ്ടാടി
വെണ്ണുരക്കൈലേസ്സു വീശി സിന്ധൂമ്മികൾ.
നോട്ടമെങ്കൽത്താനുറപ്പിച്ചുകൊണ്ടു പി-
ന്നോട്ടു നടന്നു മാഞ്ഞൂ കരപ്പുറം.
പ്രാച്യസമുദ്രമേ, പശ്ചിമാംഭോധിതൻ
പാശ്ചസ്ഥനാമിബ്ബുധിരന്റെ നേക്കു നീ,
ആ നിൻസുഹൃത്തിനും സൌഖ്യമോ എന്നല്ലി-
യാംഗ്യങ്ങൾ കാട്ടുന്നു വീചിഹസ്തങ്ങളാൽ!
ഭുംഭുംരവത്തെ മുഴക്കട്ടെ, പായുന്ന
വമ്പുകക്കപ്പലിൻ യന്ത്രസാമഗ്രികൾ;
അംഭോധിവീചികളട്ടഹസിക്കട്ടെ;
മുമ്പടി നിശ്ശബ്ദമെൻജഗത്തിപ്പൊഴും.
ദ്യോവിനേകുന്നു കരിഞ്ചുരുൾക്കുന്തളം,
പീവരോത്തുംഗമാം ധൂമക്കുഴലിനാൽ;
അംബുധിവീഥിയിൽത്തേക്കുന്നു വെണ്പത-
ക്കുമ്മായവും—മഹാശില്പി നീ കപ്പലേ!

II

൨. താഴത്തു ഡിണ്ഡീരഷണ്ഡാവകീർണ്ണമാ-
മാഴിയെക്കണ്ടിട്ടനുകാരകൌതുകാൽ
അങ്ങിങ്ങു വെണ്മുകിൽത്തുണ്ടുകൾകൊണ്ടൊരു
ഭംഗി വരുത്തീ തനിയ്ക്കും നഭസ്ഥലം.
മീതേ ചലന്മേഘമംബരം; താഴെയോ,
വാതവേഗോത്ഥാപിതോർമ്മിയാമർണ്ണവം:
രണ്ടും സമസ്തദിഗ്വ്യാപി, സുദുസ്തരം,
രണ്ടുമൊരേ മട്ടമേയമഭംഗുരം.
രണ്ടുമൂന്നായിരം മർത്ത്യരെ സ്വൈരമുൾ-
ക്കൊണ്ടെഴും ബ്രഹ്മാണ്ഡകല്പമാം കപ്പലേ,
വാനിടംപോലെ പരന്നുകിടക്കുന്ന
വാരാശിമേലൊരു കൊച്ചുപറവ നീ.

III

൩. സിന്ധുവിൽ മുങ്ങിയ ഭാസ്വാൻ തുടപ്പാളു-
മന്തിയെത്തപ്പിയെടുത്തു പൊന്തിയ്ക്കവേ
പേർത്തുജ്ജ്വലിച്ചു പലേടവും കപ്പലിൽ
വൈദ്യുതദീപങ്ങൾ; വാനിലുഡുക്കളും.
ആദിത്യബിംബമാം പൊങ്കുടത്തെച്ചുമ-
ന്നാദിമസന്ധ്യ വന്നെത്തും വരെയ്ക്കുമായ്
വാരാകരത്തെയടച്ചുവെച്ചാൾ നിശ,
കൂരിരുട്ടാകുമിരിമ്പുപാത്രത്തിനാൽ.
ചാലിതയന്ത്രാരവത്താൽപ്പുലമ്പിയും,
ചാഞ്ചാടിയും, ബഹുനീർപ്പുത തുപ്പിയും,

ചാഞ്ഞും ചെരിഞ്ഞും ഗമിയ്ക്കയായ് തീക്കപ്പൽ,
ചാരായമേറെക്കുടിച്ചവൻപോലവേ.
കപ്പലാം തൊട്ടിലിലാട്ടിയാട്ടി,യതി-
ലുൾപ്പൂക്കു മേവിന നാനാജനങ്ങളെ,
പൈതങ്ങളെയെന്നവണ്ണമുറക്കിനാർ
പാഥോധിതൻ ഗൃഹദാസികൾ, വീചികൾ.
കപ്പലിലുണ്ടു വേണ്ടോളം, തടിദ്ദീപ-
ശുഭ്രമാം പൂമച്ച, കട്ടിൽ, കിടയ്ക്കയും;
അബ്ധിമധ്യത്തിലുമന്യൂനഭോഗ്യരായ്-
ക്കല്പിച്ചുവാഴുന്നു വന്മുതലാളികൾ.
സാധുജനങ്ങളോ, നാനാജുഗുപ്സിത-
വ്യാധിദമാലിന്യദുർഗ്ഗന്ധസംവൃതർ:
ഊഴിയിലാകിലുമാഴിയിലാകിലും,
പാഴിരുൾക്കുണ്ടു പണിക്കാർക്കു പാർപ്പിടം!
കാലത്തുണർന്നു തൊഴിലാളർ കപ്പലിൽ-
ച്ചേലുററ ചായങ്ങൾ തേച്ചാരതാതിടം;
നില്ലാതെ സൂര്യനും രശ്മികളാൽ മഴ-
വില്ലൊളി പൂശിനാൻ വീചികാഗ്രങ്ങളിൽ.

IV

൪. പെട്ടെന്നു ചക്രവാളത്തിലൊരു മൂടൽ
പൊട്ടിപ്പുറപ്പെട്ടു പാരിച്ചു നില്ക്കയാൽ,
കട്ടിക്കരിങ്കന്മതിൽ ചുഴന്നുള്ളൊരു
വട്ടക്കുളംപോലെ കാണായി വങ്കടൽ.

ഉണ്ടിക്കക്കാരായ്ച്ചമഞ്ഞാൽ മഹാന്മാക്കു-
മുണ്ടാകുമെത്രകണ്ടാശയവിസ്തൃതി?
അല്പാല്പനീരാവി താൻതാൻ കൊടുത്തതി-
നന്തരിക്ഷത്തിന്റെ കയ്യിൽനിന്നഞ്ജസാ
നല്ല മഴയാം പലിശ മേടിച്ചുവാ-
നല്ലോ മുതിന്നു രത്നാകരമേ, ഭവാൻ!
കൊള്ളാം ദശാഭേദ:-മെങ്ങുപോയ്, ഫേനമാം
വെള്ളി വിതറിയിരുന്ന നിൻത്യാഗവും?

V

൫. വക്കിൽ വിലങ്ങെക്കറുത്ത വരയിട്ട
പക്ഷങ്ങൾ വീശിയടുക്കൽപ്പറക്കവേ
കപ്പൽയാത്രക്കാരെറിഞ്ഞുകൊടുത്തിട്ട-
മപ്പക്കഷണങ്ങൾ കൊക്കിനാൽ വാങ്ങിയും,
ആഴിത്തിരതൻ ശിരസ്സിലിടയ്ക്കിട-
യ്ക്കാപാണ്ഡുവർണ്ണമാം തൊപ്പിയായ് മേവിയും,
ഏതാണ്ടടുത്തു കരയെന്നനക്ഷര-
മോതീടിനാർ പ്രിയം, നല്ലടല്ലാക്കകൾ.

൬. പച്ചയുടുപ്പിട്ട തീരമതാ, ദൃഷ്ടി-
വെച്ചെതിരേല്ക്കുന്നു ഞങ്ങൾതൻ നൌകയെ;
എന്മാതൃഭൂപോലിരിക്കും മലയേഷ്യ-
യെൻനേർക്കു പുഞ്ചിരി തൂകി പുഷ്പങ്ങളാൽ.
പത്തുനാൾക്കപ്പുറം കപ്പൽത്തുറക്കിൽനി-
ന്നുദ്വിഷ്ടഃദശത്തിറങ്ങിയ വേളയിൽ,

സംസാരസാഗരം കൃച്ഛ്രാൽക്കടന്നോരു
സംയമിയ്ക്കൊപ്പം സമാശ്വസ്തനായി ഞാൻ
വമ്പിച്ച വീപ്പൊന്നു വിട്ടതു, വിണ്ണണ-
ഞ്ഞുമ്പരെക്കോൾമയിർക്കൊള്ളിച്ചിരിക്കുമേ!

III

ഓണസ്സദ്യ

(കേക)

൧. അസ്താദ്രിതടത്തോപ്പിലുൾപ്പൂകി വൃദ്ധാദിത്യൻ;
രിക്തയാം ദ്യോവും വെളുപ്പിച്ചിതു തൻവസ്ത്രത്തെ;
ചെമ്മററ തൃക്കാക്കരയപ്പനെച്ചമപ്പാനായ്-
ച്ചെമ്മണ്ണു കൂട്ടി പശ്ചാദ്ദിക്കിങ്കലന്തിക്കാർകൾ —
നാളെയാണോണം, സാക്ഷാൽ മാബലി മലയാള-
നാടിതു തൃക്കൺപാർക്കാൻ വന്നെത്തും ശുഭദിനം.

പടർന്ന പോർത്തിയ്യാൽച്ചുട്ടെരിഞ്ഞും, കൊടുംകാററാ-
ലുടഞ്ഞും, നീർപ്പൊക്കത്താൽച്ചീഞ്ഞ രാജ്യത്തെന്തോണം?
മുക്കുററി പൊക്കിക്കൊട്ടീ, താൻതീർത്ത പൊന്മൂക്കുത്തി;
മുഷ്ക്കററ പഞ്ഞപ്പാടെങ്ങെ,ങ്ങുവാൻ പണ്ടംവാങ്ങൽ?
എമ്മട്ടോ, വറുതിയെച്ചൂളിച്ചുനിർത്തീ ലോക-
രി,മ്മഹോത്സവത്തിലേക്കിത്തിരി കടക്കുവാൻ:
മിഴികൾക്കിമ്പം നല്കീ, കാലത്തിൽ വിജയപ്പൊ-
ന്തഴകൾ, നേന്ത്രപ്പഴക്കുലകൾ, പലേടത്തും.

൨. ഇരയും നേടിക്കാലേ കൂട്ടിലെത്താനായ് നാനാ-
പറവക്കൂട്ടം പറന്നിരുന്ന വാനിൻ താഴേ,
പാതയിലൂടെ നടകൊൾവതുണ്ടൊ,രു മർത്ത്യ-
പ്പൈതലാം പറവയും, തന്നുടെ കൂട്ടിൽച്ചെല്ലാൻ.

കൽത്തൂണ്ടുവരിയസ്ഥി പൊന്തിയ നിരത്തിതും,
തത്തുച്ഛശരീരവും തമ്മിലില്ലേറെബ്ഭേദം.
പട്ടിണിപ്പാടിൽത്തന്നെ രണ്ടു;— മീവകകളിൽ-
ദ്ദൃഷ്ടി വെപ്പാനുള്ളോന്നോ, ദേശരക്ഷണതന്ത്രം!
ദാരിദ്ര്യാനലധൂമരേഖപോലിരുണ്ടൊരു
കീറമുണ്ടിടംതോളിലിട്ടതിനുടെയററം,
എന്തൊന്നിൻെറയോ കുട്ടിക്കിഴിയായിരുന്നതെ,-
ല്ലുന്തിയ തൻപൃഷ്ഠത്തെത്തടവീ കൂടെക്കൂടെ.
തോല്മുണ്ടിൻ മരത്തുമ്പു കക്ഷത്തിലുറപ്പിച്ചും,
ശ്യാമമാമൊരു പൊതി വലത്തേക്കയ്യിൽച്ചേർത്തും,
ഹാ, മൂക്കു പൊത്തിയ്ക്കുന്നതാകിയ തദ്ഗന്ധത്തെ,—
പ്പൂമണത്തിനെപ്പോലെ ചേർത്തുപേർത്താഘ്രാണിച്ചും,
ശോഷിച്ച കാലിന്നൊത്ത വേഗേന പോകും ദീന-
വേഷനാമവനുണ്ടൊരാശ്വാസം മിഴിക്കോണിൽ:
ഇല്ലയോ നാഴിയരി കിഴിയിൽ, കറിദ്രവ്യം
തെല്ലിലപ്പൊതിയിലും? കരസ്ഥമിന്നത്താഴം!
തുഷ്ടരായ്ത്തിമക്കുന്നുണ്ടരികേ ചില വീട്ടി-
ലൊ,ട്ടാത്ത വയറുള്ള ഭാഗ്യവന്മാരാം ബാലർ;
വിട്ടിലാ നെടുവീപ്പ്, കുട്ടരെക്കണ്ടിട്ടവൻ
ഒട്ടടക്കീടാമല്ലോ, തനിയ്ക്കും ക്ഷുത്തിന്നല്ലിൽ.

൯. പെട്ടെന്നു മറെറാന്നായ്പ്പോയ് തദ്ദശ;കിഴിയുടെ
കെട്ടഴിഞ്ഞ,രിയതാ, കൊഴിഞ്ഞു വഴിമണ്ണിൽ;
ദിഷ്ടവൈപരീത്യത്താൽ നുറുങ്ങുനുറുങ്ങാക്ക-
പ്പെട്ടങ്ങു ചിന്നിക്കാണായ്, സാധുവിൻ നിനവെല്ലാം!

സംഭ്രമലജ്ജാദുഃഖസംഭൃതനായിത്തീൎന്നൊ-
ന്നെമ്പാടും നിരീക്ഷിച്ചു, കുന്തിച്ചങ്ങിരുന്നവൻ
പൊതിയെച്ചാരേ വെച്ചു, തോൎമ്മുണ്ടു വിരിച്ചിട്ടു,-
പ്പതിതപ്രാണാംശങ്ങൾ കോരിനാൻ കൈരണ്ടാലും—
കിട്ടിയതവയെക്കാളധികം മൺകല്ലല്ലോ;
കുട്ടി പിന്നവരിമണി പെറുക്കിയെടുക്കയായ്.
ആകാശത്തിൻ വിമാനംപോല,ത്തവ്വിലൊരു പരു-
ന്താപതിച്ചു,വൻെറയാ വരാൽമീൻപൊതിയേയും
തരസാ റാഞ്ചിക്കൊണ്ടു പറന്നാനനുകമ്പാ-
പരരാം ദേവന്മാർതൻ തിരുവീഥിയിലൂടേ.

രാക്കൊറ കൊതിച്ചവായ് പൊളിച്ചാ നിരാലംബൻ
നോക്കിനാൻ മുകളിലേയ്ക്കശ്രുനീരൊലും കണ്ണാൽ.
പൊങ്ങീലാ നിലവിളിച്ചീടുവാനൊച്ചയവ-
നെന്നൊങ്ങിനെ വീട്ടിൽച്ചെല്ലു,മെന്തങ്ങുചെന്നാൽച്ചൊല്ലും?
താതൻെറ സർവ്വസ്വത്താൽ വാങ്ങിയൊരോണസ്സദ്യ
പാതമണ്ണിന്നും പരുന്തിന്നുമായ്പ്പങ്കിട്ടല്ലോ;
അമ്മുഴുവിശപ്പിൻെറ തല്ലു മാത്രമല്ല,ച്ഛ-
നമ്മമാരുടെ തല്ലും കൊള്ളേണ്ടിവരാം പാവം!

മാററകിക്കരച്ചിലെൻ മകനേ: നിന്നെപ്പേത്തും
പോററട്ടേ, ഭവൽകുലദൈവതം സഹിഷ്ണുതം;
തോറെറാഴിയ്ക്കായ്ക്കെമ്മട്ടും, ജീവിതപ്പടയിൽ നാം:
ഏററവു,മിറക്കവുമുണ്ടല്ലോ മഹാബ്ധിയ്ക്കും!

IV

അഹിംസ

(അന്നനട)

ഫ. ഗുരുജനതപോഗുണാകൃഷ്ടയായി-
ച്ചിരേണ നമ്മുടെ മഹാരാജ്യലക്ഷ്മി
തിരിച്ചെഴുന്നള്ളിവരും വഴിതന്നിൽ
നിരപരാധർതന്നുടൽനിണംകൊണ്ടോ,
നറുംകുങ്കുമനീർ തളിയ്ക്കുന്നു നിങ്ങൾ
ദുരാവേശം പൂണ്ടെ,ൻപ്രിയയുവാക്കളേ;
അരിഞ്ഞിടപ്പെട്ട ശിരസ്സുകൾകൊണ്ടോ
നിരത്തിവെയ്ക്കുന്നു നിറകുടങ്ങളെ!
പരന്മാർതൻ പ്രാണപവനനെക്കൊണ്ടോ
പറപ്പിച്ചീടുന്നു കൊടിക്കൂറകളെ!
വരധൂപം, തോക്കിൻ കെട്ടുപുകകൊണ്ടോ!
വളർമാല്യംതുക്കലു,യർന്ന വാൾകൊണ്ടോ!
ചടചടെച്ചീന്തീക്കുട്ടുക്കകൾകൊണ്ടോ
പടക്കംപൊട്ടിയ്ക്കൽ മഹോത്സവമിതിൽ!
ശവങ്ങളോ കോണിപ്പടികളാകേണ്ട-
തു,വിടെയ്ക്കു സിംഹാസനത്തിലേറുവാൻ!

വ. ഒരീച്ചയെക്കൊന്നാൽ തിരുവിണ്ടലത്തിൻ
പെരുമാൾപ്പട്ടം കൈവരുമെന്നായാലും

കരുണ കൈവിട്ടച്ചെറുദേഹത്തിന്മേ-
ലൊരു പോറൽപോലും പെടുത്തിടാത്തവർ,
അത്രേ, നേരേ മറിച്ചൊരു പുഴുവിനെ
മൃതിവായിൽനിന്നു വിടുത്തിടാമെങ്കിൽ
അതിന്നായിസ്സ്വസ്വവും ചെലവാക്കു-
ന്നവർ പണ്ടുപണ്ടേ ഭാരതരാജ്യക്കാർ.
പെരിയ ധർമ്മത്തെപ്പഠിപ്പിച്ച നാടി-
ന്നരുമപ്പൈതങ്ങൾ ചെറുപ്പക്കാർ നിങ്ങൾ
കുലപൂർവ്വരുടെ വഴിവിട്ടു വെറും-
കൊലപ്പുള്ളികളായ് ക്കഴുവിലേറിയാൽ,
തല പാതാളാന്തംവരെത്താഴില്ലയോ
നലമേറുമസ്മജ്ജനനിയ്ക്കെന്നെന്നും!

അഹോ കഷ്ടാൽക്കഷ്ട,മഹോ ക്രൌര്യാൽക്രൌര്യ,-
മഹോ പാപാൽപ്പാപ,മഹോ ദുഃഖാൽ ദുഃഖം:
അരുത,സ്സൂദാനമർത്ഥഹേതുവെ-
ന്നരണ്യത്തിൽവെച്ചുമഭംഗധൈര്യയായ്
കണവനോടുപന്യസിച്ചരുളിയ
ജനകജയുടെ ജനിഭൂവിലിതാ,
നരവേട്ടയ്ക്കു തോക്കെടുത്തിറങ്ങിപോൽ
പുരസ്ത്രീമാർകളും പുരുഷന്മാർക്കൊപ്പം!

വരിഷ്ഠയതരാം കുമാരരേ, മാറി-
ദ്ധരിയ്ക്കായ്വിൻ ദാസ്യതമസ്സിനാൽ നിങ്ങൾ:
നിരായുധപ്പോരാണിഹ ധീരധർമ്മം;
കരവാളമെടുപ്പതോ, കാതരത്വം.

മരിക്കുവാനല്ലാതൊ,രുനിലയിലും
മരിപ്പിപ്പാനില്ല നരന്നനുവാദം.
ചിരായ ഹിംസയാൽജ്ജയം നേടിയതിൽ-
പ്പരാജിതമായ്പ്പോയിരിക്കുന്നു ലോകം.
സ്വമാതൃഭൂവിന്റെ ശമപ്പുകൾപ്പട്ടിൽ-
സ്സമസ്പൃഷ്ടരക്തം തെറിപ്പിച്ചീടാതെ,
അഹിംസയെത്തന്നെ ഭജിച്ചുകൊള്ളുവി-
ന,ഹിംസതാൻ നമുക്കഭീഷ്ടദായിനി.

DEPARTMENT OF LIBRARIES
-7 JAN 1946
UNIVERSITY OF MADRAS.
UNIVERSITY LIBRARY.
27 DEC 1945
MADRAS.

പകൽ

(കേക)

൧. അത്രയും കുളിക്കയാലെൻനേത്രമുൽപ്രേക്ഷിച്ചു:
വിസ്തൃതസുദീൎഘമീക്കടലിൻ മണൽപ്പുറം,
പ്രകൃതീശ്വരിയുടെയക്ഷയത്തൂച്ചെപ്പിലെ
പ്രവരകർപ്പൂരച്ചാൎത്തതിന്റെ കിടപ്പതാം;
കിഞ്ചന തന്മാധുൎയ്യം നുകന്ന ഹൃദയമോ,
പഞ്ചാരപ്പരപ്പാണിതെന്നഭിപ്രായപ്പെട്ടാൻ;
ഇവർതൻ തീരാത്തൎക്കം കേൾപ്പതാരാ?—കൃഷ്ടം മേ
ശ്രവണം സമുദ്രത്തിൻ മന്ദ്രതൂൎയ്യാരാവത്താൽ.
വിശ്വപൂജിതർ നാനാവിബുധർ വിഹരിക്കും
വിസ്തീൎണ്ണനഭസ്ഥലം ഹാ, തമോമലീമസം;
പാമരരാകും മൎത്ത്യർ ചവുട്ടി നടക്കുന്ന
പഴ്മണൽപ്പരപ്പിതോ, സത്വസൽഗുണശുഭ്രം.
ഇതിനു വാനിൻ നേൎക്കുള്ളനുകമ്പാങ്കുരങ്ങൾ
മുതിന്നു നില്പുണ്ടങ്ങിങ്ങു,പ്പച്ചച്ചെടികളായ്!

൨. സായാഹ്നോദിതമൊരു മങ്ങലന്നകൃത്രിമ-
മായ കന്മതിലാക്കീ പശ്ചിമവ്യോമാന്തത്തെ;
അമ്മതില്ക്കകത്തുനിന്നുയരെക്കാണായ് ചില
വന്മുകിൽത്തുണ്ടുകളാമാരാമദ്രുമാഗ്രങ്ങൾ.
ഏതിന്ദ്രജാലത്താലോ കൢപ്തമീയതിർക്കോട്ട
ജാതവിഭ്രമമാക്കീ ദൃഷ്ടിയെ ക്ഷണനേരം:

ആഴിതൻ പരപ്പെല്ലാമെങ്ങു പോയ,രസ്ത്താലു
നാഴിക നീന്തിച്ചെന്നാലക്കരെയ്ക്കെത്താമല്ലോ!
വെള്ളത്തിലിട്ടാലെന്നപോലവേ, കാററാൽപ്പൃക്ക
പൊള്ളച്ചമമന്നമഞ്ഞെന്നുടെയുട്ടവസ്ത്രം.
തിരകളുടെ കളി കളിയ്ക്കുന്നതു കണ്ടു
നുരയാൽച്ചിരിച്ചാരാക്കടെലിൻ കൈക്കുഞ്ഞുങ്ങൾ!

൯. അസ്തമിച്ചിട്ടില്ലക്കൈന്നെ,ങ്കിലുമൊരു മിത്ഥ്യാ-
ഭിത്തിയാൽ തിരോഹിതം പെട്ടെന്നജ്ജഗദ്ദീപം —
വാരുണ പുരോദ്യാനപ്പൊന്നുപൂംകുലയതു
വാടിയോരിലയുടെ മറവിലായിപ്പോയി.
കുങ്കമപ്പൊട്ടന്നാളിൽത്തൊട്ടില സായംസന്ധ്യ;
തങ്കനീരാളസ്സാരി നിവത്തിയതുമില്ലാ;
നഷ്ടലക്ഷ്മീക,മൊരു മുഷിഞ്ഞ വെളിയട-
യിട്ടപോലിരുന്നു തൽഗൃഹത്തിൻ പുരോഭാഗം.

൰. മരണം സമീപിച്ചപ്പോഴെഴ്യും പകല്ക്കതാ,
മറഞ്ഞുപോയ്യോയ് തൻെറ വിജ്ഞാനം — രവി-
ബിംബം.
ആ വൃദ്ധനാളായീലാ, സന്ധ്യയാം സ്വപുത്രിയ്ക്കൊ-
ന്നീവിധമുപദേശിച്ചാശ്വാസം വരുത്തുവാൻ: —
"പിതൃദുഃഖത്താൽ വാട്ടാദഃയ്ക്കാമനസ്സ്യെന്താർ മൈ നീ:
മൃതിതൻ കിനാവത്രേ പിറപ്പെന്നതു വത്സേ;
നിത്യമായനന്തമാം രജനിനീരാഴിയി-
ലുത്ഥിതമാകുമൊരു വെൺപതയാണിപ്പകൽ."

VI

"പാടുക, പാടുക"

(പാന)

൧. പാട്ടു പാടുക, പാടുക, കീചക-
ശ്രേഷ്ഠ: നിവൃതികൊള്ളട്ടെയിജ്ജനം.
പച്ചയാമിലച്ചാർത്തിനാൽ വാനിനെ
സ്വച്ഛതസ്ഥായ് ത്തുടപ്പാൻ തുനിഞ്ഞ നീ,
വേലിയാം പൈതൽ കെട്ടിപ്പിടിച്ചുള്ള
കാലുമായെ,ൻപറമ്പിൻെറ കോണിതിൽ,
പൊക്കമൊന്നൊരു ശാരുത്മതോപല-
ത്തുക്കൊടിമരംപോലെ വിളങ്ങുന്നു.
പാട്ടു പാടുക, പാടുക, കീചക-
ശ്രേഷ്ഠ, നിവൃതികൊള്ളട്ടെയിജ്ജനം.

൨. സൃഷ്ടിതന്നരിമാവുകൊണ്ടുള്ളൊരു
ചുട്ടി നെററിമേൽ മിന്നുമെൻപയ്യിതാ,
വായിൽനിന്നു പകുതി ചവച്ചതാം
വാരിളംപുല്ലു ഞാന്ന മുഖം പൊക്കി,
നിശ്ചലം ചെവി കൂർമ്പിപ്പു, നിന്നിൽനി-
ന്നുച്ചലിച്ച കുഴലൂത്തു കേൾക്കുവാൻ.
പണ്ടു പാവനവൃന്ദാവനംതന്നിൽ-
ക്കൊണ്ടൽവർണ്ണൻെറയോടക്കുഴൽവിളി—

ഉദ്യദോംകാരപുഷ്പമധുദ്രവ,-
മുത്തമപ്രേമസംഗീതസന്ദേശം —
ആവതോളം നുകൎന്നിരുന്നോരാണീ-
ദ്ദേവിതൻ മുത്തുമുത്തശ്ശിമാർ പലർ!

൭. അൎത്ഥചിന്ത നില്ക്കട്ടെ: നിൻഗീതത്തിൻ
ശബ്ദഭംഗിയാൽത്തന്നെയാകൃഷ്ടയായ്
പാൎശ്വസംസ്ഥയാം വംശലതയിതാ,
ചായ്ച്ചുകൊള്ളുന്നു തൻതല നിന്മാറിൽ.
വെള്ളിനേരൊളിപ്പൂക്കൾകൊണ്ടൊട്ടൊട്ടു
വെള്ളരിയേന്തി നില്ക്കുന്നു തുമ്പകൾ;
കത്തിച്ച തിരികൊണ്ടു നീരാജന-
കൃത്യവും തവ ചെയ്യും മുക്കുററികൾ.
ഹന്ത, നീ തലയാട്ടിക്കൊൾകാ,ട്ടിക്കൊൾ-
കെ,ന്തിതിൽപ്പരം കിട്ടേണ്ടു സൌഭാഗ്യം!

൮. വൈണക, സഖേ, നിന്നുള്ളു പൊള്ളയെ-
ന്നാണു കേൾവി;യതോൎത്തല്ല ചൊൽവു ഞാൻ:
ഇജ്ജയശ്രീസമാശ്ലേഷണാഗ്ഗാഢ-
മുജ്ജ്വലാഹന്തനാക്കരുതങ്ങയെ;
എങ്ങൊരൊച്ച തേ, ദൃശ്യനല്ലാത്തൊരു
സംഗഹീനനിവണ്ണമുൾപ്പൂകാൻ്റിൽ?
പാട്ടു പാടുക, പാടുക, കീചക-
ശ്രേഷ്ഠ, നിവൃതിക്കൊള്ളട്ടെയിജ്ജനം.

VII

മിന്നുന്നതൊക്കെപ്പൊന്നല്ല

(കേക)

൧. എന്മിഴി ചോദിക്കയായ് വെൺമുകിൽപ്പടലത്താൽ-
ക്കമ്മായമിടപ്പെട്ട നാകവീഥിയിലൂടെ
ഉരുണ്ടുപോകുന്നതെന്തു്, മരക്കിടാങ്ങളി-
ലൊരുവൻ കാൽകൊണ്ടിട്ടു തട്ടിയ പൊന്നിൻപന്തോ?
ചരമാബ്ധിയിൽ മുങ്ങിപ്പോയ സൂര്യങ്കൽച്ചേരാൻ
പരമൗത്സുകമായ തദ്രശ്മികളിലൊന്നോ
പാഞ്ഞുപോവതു പടിഞ്ഞാറുഭാഗത്തെയ്ക്കോ?-ങ്കിൽ-
പ്പാരൊലാ വിഘ്നം ഭർത്തൃപ്രേമമേ, നിൻപന്ഥാവിൽ!

൨. ഒട്ടേറെത്തെളിരത്നം പതിച്ചിട്ടുള്ളാകാശ-
ത്തട്ടിൽനിന്നൊന്നെവ്വണ്ണമിന്നന്തിക്കടന്നുപോയ്?—
മാറാലവലയ്ക്കൊപ്പം നേരിയ നഭോവസ്ത്രം
ദൂരത്തു വിരിച്ചതിൽ, ക്ഷോണിക്കു രാക്കാഴ്ചയ്ക്കായ്
ആരെന്നോ നിരത്തിയ സദ്രത്നങ്ങളിലൊന്നു
ചോരനെന്തി,രിപ്പിടം ചിക്കെന്നു കീറിപ്പോയോ?
നിഷ്കമ്പമിതിൻ താഴെ കൈക്കുടന്നയും കാട്ടി
നില്ക്കുവാനുണ്ടാം ചില രത്നഹാരികൾ പാരിൽ.
ആ വിശ്വംവിഴുങ്ങികൾതമ്മുടെ വിശപ്പിന്നെ-
ന്താവുന്നൂ വസുധതൻ തുച്ഛമാം വിഭവത്താൽ?

മേൽവശത്തേക്കാണിന്നക്കൂട്ടർതൻ നോട്ടം; ദ്യോവേ!
പോവാതെ സംരക്ഷിച്ചുകൊൾക നിൻസമ്പത്തെല്ലാം!

൩. രാത്തോറും ത്വദൌന്മുഖ്യം പൂണ്ടു പുഞ്ചിരിക്കൊള്ളും
നൈതൽപ്പൂക്കളിലൊന്നിൽച്ചേർന്നു നിൻമനസ്സെന്നാം;
ധന്യയാമവളെപ്പോത്തുല്ലസിപ്പിപ്പാനാമോ,
മന്നിലേക്കോടിപ്പോരുന്നതു നീ നക്ഷത്രമേ!

൪. താരങ്ങളറിഞ്ഞീലേ കൂട്ടത്തിലൊന്നിൻ നാശം?
ചേരുന്നീലനക്കം ചെറ്റിപ്പോഴും ദേവാധ്വാവിൽ;
ഇടിവേറ്റധോഗതി പൂകിന നിർഭാഗ്യനെ-
പ്പിടിച്ചുനിർത്താനായിക്കൈ നീട്ടിയില്ലങ്ങാരും.
പതിതൻ പതിക്കട്ടേ: ചുവട്ടിൽച്ചിലർ വേണം,
പതിവായ് നിൻതേജസ്സിൽപ്പകക്കാനൌന്നത്യമേ!
അഥവാ കാലാധീന;മവതൻ നിലനില്പും;
അവശന്നവശനാലെന്തു സാഹായ്യം കിട്ടും?

൫. ദൂരസ്ഥമാമെൻ ദൃഷ്ടിക്കാ,പ്പാഞ്ഞ തേജഃഖണ്ഡം,
മാരുതൻ പറപ്പിച്ച ചമ്പകപ്പൂവായ്ത്തോന്നീ;
നേരോർത്താൽപ്പെരും ദീപ്രഗോളമൊന്നാവാമതും;
പാരാകെ വെണ്ണീറാകാം തൽസ്പർശമാത്രത്താലേ.
മേദുരം താനെന്നാലു,മുന്നതസ്ഥാനഭ്രംശം
ഖേദേന കാണെക്കാണെച്ചുടച്ചാജ്ജ്യോതിസ്സത്വം
പുൽക്കാട്ടിൽ വല്ലേടത്തും വീണു ഖദ്യോതശ്രേണി-
ക്കൊക്കന്നോരതിഥിയായ്ച്ചമഞ്ഞതാണെന്നേ വരൂ.

മാനുഷ, പോരും പോരുമുദ്ഗതിപ്രയത്നങ്ങൾ
വാനാത്ത വാഴും ജ്യോതിർവ്വർഗ്ഗവുമൊരുനാളിൽ
ഈയുലകിലെ മിന്നാമിനുങ്ങുക്കൂട്ടത്തിലേ-
ക്കായധഃപതിച്ചുപോമെന്നല്ലി കണ്ടൂ താങ്കൾ?
തൻതീ കെട്ടൊരു കരിക്കട്ടയായിട്ടാണെങ്ങോ
ഹന്ത, പോയ്പ്പതിച്ചതത്താരകമെന്നും വരാം;
എങ്കിലോ, വീണ്ടും വൈരക്കല്ലായിട്ടില്ലാതാര-
മെന്ന പേർ നേടാമതിന്നി,പ്പാരിൻ ക്രിയാദാക്ഷ്യാൽ.
അതിരിക്കട്ടേ: വാനത്തിവ്വണ്ണമല്ലിൽക്കമ്ര-
ദ്യുതിയായ്ക്കാണാകുന്ന കാഞ്ചനത്തുട്ടോരോന്നും,
മന്നിലാക്കറിയാം, കാരിരുമ്പിൻ തുണ്ടല്ലെന്നായ്?
"മിന്നുന്നതൊക്കെപ്പൊന്നല്ലെ"ന്നുമുണ്ടല്ലോ കേൾപ്പൂ.

VIII

ബുഭുക്ഷ

(മഞ്ജരി)

൧. എന്നൊട്ടുമാവേ, നിൻതാഴത്തെക്കൊമ്പുക-
ളന്യൂനവാസന്തച്ചൂടിനാലേ
എന്താസ്വദിക്കുവാനാണീ നിലത്തെക്കു
ചെന്തളിർനാവുകൾ നീട്ടി നില്പൂ !
മീതേ ശുകാഭമാം പത്രൗഘം; താഴത്തോ,
ചൂതമേ, പാടലപല്ലവൗഘം;
നേർക്കിറയത്തു ചെംപട്ടമറശ്ശീല
തൂക്കിയ പച്ചപ്പൂമേടയായ് നീ.

൨. വന്നു വസന്ത,മൂട്ടപ്പിക്കയും ചെയ്തു
സുന്ദരച്ചെംകുരുന്നാട നിന്നെ;
എന്നാലിതൊന്നുമറിഞ്ഞീല, മാകന്ദ-
വൃന്ദപ്രിയങ്ങൾ പികങ്ങളെന്നോ?
വ്യർത്ഥമിസ്സമ്പത്തു: കാണ്മീല, കേൾക്കുന്നീ-
ല,ത്രഭവാങ്കലൊരാൺകുയിലും
പല്ലവമെങ്ങാനും കൊത്തിത്തിന്നുന്നതോ,
പഞ്ചമരാഗത്തിൽപ്പാടുന്നതോ
“നാനാവിധങ്ങളാം തീക്ഷ്ണാപശബ്ദങ്ങൾ
നാൾതോറുമേറുന്നു നാട്ടിലെങ്ങും;

നാമിനി മൌനമേ കൊൾകെന്നുറച്ചിതോ,
കോമളകണ്ഠരാം കോകിലങ്ങൾ!

൩. ആകട്ടെ, കോകിലത്തിന്നു നിൻപല്ലവ-
മാസ്വാദ്യമല്ലാതായ്ത്തീർന്നിരിക്കാം;
കോകിലംപോലെ കറപ്പാന്നൊരാടിതാ,
പൈ കലൻന്നോടിയെത്തുന്നു നിങ്കൽ.
മണ്ടിവരുമിതിൽ ചുണ്ടു തെരുതെരെ-
യുണ്ടു, നിതാന്തം ചലിച്ചീടുന്നു:
ഹന്ത, വിശപ്പാം പിശാചിനെയോടിപ്പാൻ
മന്ത്രം ജപിക്കുകയായിരിക്കാം!
ആടിനു ചെംകുരുന്നോരോന്നും ചുംബിച്ചി-
ന്നാടിൻെറ പൊങ്ങിക്കുമാനനത്തെ;
ചൂതത്തിൻ ശാഖയസ്സാധുവിൻ വക്ത്രത്തിൽ
സ്വാദുപ്രവാളത്തെയർപ്പിക്കയായ്,
ഏതോ തുടുത്തോരു നൽപ്പലഹാരത്തെ-
പ്പൈതലിൻ വായിലൊരമ്മപോലെ.

൪. എന്തൊന്നോ ശ്യാമപത്രാഭ്രച്ഛവട്ടിലൊ-
രന്തിച്ചുകപ്പായ്സ്സമുല്ലസിച്ചു,
അക്കരുന്നൊക്കെ ക്രമേണ വിഴുങ്ങിനാ-
നിക്കറുത്താടായ രാവിൻ മുഖം.

൫. പിന്നെയും മേൽവശത്തുള്ള ദളങ്ങളെ-
ത്തിന്നുവാനിച്ഛപൂണ്ടീ നാല്ക്കാലി
മുങ്കാലു രണ്ടുമെടുത്തൊരു ചില്ലമേൽ-
സ്സംഘടിപ്പിച്ചു നിവന്നു നിന്നാൻ.

കണ്ടു, പരിസ്ഥമാം ഭോജ്യം ഭുജിയ്ക്കുവാൻ
രണ്ടു കാലിന്മേൽ നിന്നീടുമാടേ,
ഭൂയിഷ്ഠഭക്ത്യൈകസക്തിയാൽത്തുല്യർതാൻ
നീയു,മിരുകാലിയായ ഞാനും.
ഏന്തും പശിയെശ്ശമിപ്പിച്ചുപോരുന്ന
ശാന്തമൃഗമേ, നിൻനേക്കു ചാടാൻ
തക്കം പാർത്തുണ്ടൊ,രു ചെന്നായ വന്നിപ്പോൾ
നില്ക്കുന്നു നിൻചാരത്തെന്നിരിയ്ക്കിൽ —
അയ്യോ, വരാതിരിയ്ക്കട്ടെയദ്ദൃംദ്ദൃശ! —
നിയ്യതു കഷ്ടിച്ചറിഞ്ഞുവെന്നാം;
എന്നാൽ, മനീഷിയാം മാനുഷൻ കാണുകി-
ല്ലെ,ന്നും കെടാത്ത ബുഭുക്ഷമൂലം,
നിർദ്ദയദംഷ്ട്രാഭയാനകവക്ത്രനാം
മൃത്യുവിൻ സന്തതസാന്നിധ്യത്തെ!

IX

ശാപമോക്ഷം

(കേക)

൧. കാലത്തു കുളി കഴിഞ്ഞീറനായ്പ്പിന്നോട്ടിട്ട
നീലവാർകുഴൽകൊണ്ടു മറഞ്ഞ നിതംബവും,
തൂവെള്ളപ്പുടവയാൽ മറഞ്ഞ പൂമെയ്യുമായ്-
ക്കോവിലിൽത്തൊഴാൻ പോകും നായർപ്പെണ്മണി-
യിതാ,

ചെറുതും മടിയ്ക്കാതെ പിടിച്ചുകൊണ്ടാളൊരു
ചെറമിപ്പെൺകുട്ടിതൻ കരിമ്കൈ തെളികയ്യാൽ.

൨. ഇത്തിരി കൂടിത്തുടുത്തീടട്ടേ, പുലരിതൻ
പൊൽത്തിരുമുഖമേതദൈക്യദർശനാഹ്ലാദാൽ,
പാടട്ടേ, കുറേക്കൂടി രമ്യമായ്പ്പറവകൾ,
പാൽ ചുരത്തട്ടേ, പേർത്തും പ്രേമനമ്രകൾ പൈക്കൾ.
തേടട്ടേ നടേത്തേക്കാൾ സൌഭാഗ്യം വിടപികൾ;
കൂട്ടതൽ പൊഴിയ്ക്കട്ടേ, പുഞ്ചിരി വെൺപൊ-
യ്ത്താർകൾ!

നീട്ടേണ്ടുമിടത്തെയ്ക്കു നീട്ടിയതിന്നത്രേ, നീ
വാട്ടത്തെത്തലോടുന്ന തങ്കരമനുകമ്പേ!

കുമ്പിട്ടിക്കുറമ്പിയാം കുഞ്ഞിനെ വാരിയെടു-
ത്തമ്പിനോടണച്ചാലും നിന്മാതൃവക്ഷസ്സിങ്കൽ;

എങ്കിലതലങ്കൃത,മിരിമ്പുകവചത്താൽ-
ശ്ശൃങ്ഖലിയാതനാചാരത്തോട്ടു പോരാട്ടം ധീരേ!
അമ്മയാം ചെറുമിഴ്ക്കില്ലുൾക്കനം, നേരേ നോക്കാ-
നിമ്മനസ്വിനി ചെയ്യും സ്വപുത്രീസംലാളനം;
അഥവാ 'തമ്പ്രാട്ടി'തൻ വാത്സല്യപ്രദീപ്തിയെ-
ങ്ങ,തിവിക്ലബമാമീയേഴതൻ മിഴിയെങ്ങോ!
ധന്യമാം ക്ഷേത്രദ്വാരത്തിസ്സിതാസിതയോഗ-
മന്യമാമൊരു ഗങ്ഗാകാളിന്ദീസമാഗമം:
ഇപ്പുതുപ്രയാഗത്തിലൊന്നു മുങ്ങിയാൽപ്പോരും,
മൽപ്രിയനാടേ, നിന്റെ തീണ്ടലാം പങ്കം നീങ്ങാൻ.

കോവിലിൽക്കൂട്ടിക്കൊണ്ടുപോയ്ക്കൊൾക കാർമെ-
മീ വത്സയേയും ഭദ്രേ, തന്മാതാവിനെയും നീ; [ശ്യാളാ-
ഈ വകക്കുവലയച്ചെണ്ടിനെയല്ലോ, പണ്ടേ
ദേവനു കാണിക്കയായ് വെയ്ക്കുണ്ടു ഭവാദൃശർ.
കാത്തു കാത്തിരുന്നേറെ നാളിനാൽപ്പുണ്യാദ്വൈത-
ക്ഷേത്രത്തിന്നയിത്തമാം ശാപമിന്നൊഴിഞ്ഞതിൽ
ആശ്വാസമാർന്നീ ക്ഷേത്രം വിട്ടൊരു നിശ്വാസംപോ-
ലാ,കാശത്തതാ പൊങ്ങീ സുഗന്ധാഹുതിധൂമം!

X

ഏകകുടുംബം ഭവനം

൧. വെട്ടത്തരചന്മാരുടെ
കൊട്ടാരം തെങ്ങണിപ്പറമ്പായി;
തുണയററ മണ്ണുകപ്പീ
തുഞ്ചത്താചാര്യർതൻ പുരത്തറയും.

൨. ചരൽനിലമായ് മാറിപ്പോയ്
'ചങ്ങം പള്ളി'ക്കുരുക്കൾതൻ കളരി;
കിഷ്കിന്ധാഗുഹയിൽത്താൻ
കിടക്കൊള്ളുകയായി ബാലിയോതിക്കൻ.

൩. ഏതിരുളിലോ, വിബോധ-
ജ്യോതിന്നിധി പാക്കനാരിരുന്ന കുടിൽ?
കേരളമണ്ഡലമേ, ബഹു-
കേമം നിൻസ്മര്യപൂർവ്വികസ്മരണം!

൪. ഇത്ര പെട്ടും മറവിയിൽനി-
ന്നിയ്യിടെ വെച്ച്'ഗ്നിഹോത്രി'തൻ നാമം
പുസ്തകമഠമായ്പ്പോക്കിന
'തൃത്താല' പുകൾസ്സുധക്കു ചൊൽത്താലം.

൫. രത്നാകരത്തിൽനിന്നു-
ത്ഥിതയാം ഭൃഗുരാമമേദിനിയ്ക്കു പുരാ
വിജനേ കളഞ്ഞുകിട്ടിയ
വിലയേറും രത്നമീ വിശിഷ്ടപുമാൻ.

൬. ആരോമലുണ്ണിയവിടു-
ന്നമരകുമാരൻ കണക്കു കളിയാടി;
കേരളമന്ദാകിനിയാം
പേരാററിൻ ധവളമാം മണൽത്തിട്ടിൽ.

൭. സത്വഗുണാത്മകനാമ-
സ്സദ്വിജനുടെ നിത്യസംഗമത്താലോ
ആനമലതൻെറ മകളാ-
മാററിന്നിത്രയ്ക്കു വെണ്മ കൈവന്നു!

൮. യതഹൃദയനാ ശ്രുതിജ്ഞൻ
യാതൊരു പൂംകൈ പിടിച്ചു പൂകി ഗൃഹം,
താലിയെടുത്തിട്ടകൈ
താലത്തിൽ നിറച്ചുവെച്ച പുഴമണൽപോൽ

൯. തൃത്താലയപ്പനായ്ത്തീ-
ന്നദ്യാപി ശിലാദൃഢാംഗനായ് വാഴ്വൂ;
കാമലുടെയോട്ടുകൈവള-
യൊലിതാനായ് തൽപ്രതിഷ്ഠതൻ മന്ത്രം!

൭൦. വരരുചിസുതനേ,ധന്യൻ
വാസവനെപ്പോലനേകയജ്ഞകരൻ,
വാസ്തവികബ്രാഹ്മണ്യൻ,
വൈദേഹന്നൊത്ത കർമ്മയോഗപരൻ.

൭൧. ആ യജ്വാവിൽ പലപല
യാഗങ്ങളിലന്ഘസാമഗീതികളിൽ
താളംപിടിച്ചുപോന്നു
തരളതരംഗങ്ങളാൽ നിളാതടിനി!

൭൨. മറയവർമണിയവിടെയ്ക്കിഹ
പറയൻമുതൽപേരുമററ സോദരർതാൻ;
അവരൊത്തൊരു പുല്ലിന്മേ-
ലവിടുന്നർപ്പിച്ചുപോന്നു പിതൃപിണ്ഡം.

൭൩. അതു പില്പാട്ടു പഴംകഥ-
യായ്പ്പോംവിധമേതു കർമ്മിതൻ കരമോ,
അദ്വൈതജന്മഭൂവിലെ-
യപ്പരമൈക്യത്തിനെള്ളുനീരേകീ!

൭൪. ഏവർക്കുമമ്മയൊന്നെ-
ന്നേവർ ഗണിപ്പീല ഭേദകല്പനാൽ,
അവിശുദ്ധമതികളാമവ-
രപരനിൽനിന്നിങ്ങശുദ്ധി ശങ്കിപ്പൂ!

൱൫. എളിയവരെ മാററിനിത്താൻ
വലിയവരേ, നിങ്ങളൊച്ചയാട്ടമ്പോഠം,
അവശ്ശൂന്യമാം നഭസ്സും
'ഹാഹാ', എന്നാത്തുകേഴ്വൂ മാറെറാലിയാൽ!

൱൬. എത്രയസഹ്യമധാമ്മിക-
മെന്തു മഹാപാപമീയയിത്തമഹോ!
ഇതു നിത്യശുദ്ധനാം ജഗ-
ദീശനിലുമശുദ്ധി കേററിവെച്ചല്ലോ!

൱൭. കാതരരെക്കൊണ്ടു വൃഥാ
കലഹംകൂട്ടിച്ചിടുന്നു തങ്ങളിൽ നീ;
നേരിനെ നുണയാക്കുന്നു;
നെറികേടിതയിത്തമേ, വിചിത്രം തേ!

൱൮. പരപീഡനം സുകൃതമായ്;
പാരിതിലാചാരമായനാചാരം;
പൊതുമുതൽ ചിലരുടെയായീ;
സ്മൃതിവാക്യമയിത്തമേ, വിചിത്രം തേ!

൱൯. മേദുരമഹിമാവാകിയ
മേഴത്തോളഗ്നിഹോത്രിവിപ്രൻെറ
തിരുനാമത്തെ വഹിച്ചു-
ത്തീത്ഥപദൻ വാണ പുണ്യഭൂവികൽ—

൨൦. സൌഭ്രാത്രസുഭഗതന്മഖ-
സാക്ഷിണിയാം സഹ്യതനയതൻ കരയിൽ—
വിലസും വായനശാലേ,
വിവിധമഹാഗ്രന്ഥസംഗ്രഹണശീലേ.

൨൧. തന്തിരുവടിയുടെ താദൃശ-
തത്ത്വപ്രചാരം പരത്തി നാട്ടാരിൽ
ഏകകുടുംബം ഭുവനമി-
തെന്നാബ്ബോധം പുലർത്തുക നീ.

ടിപ്പണി

൧

വീരശൃംഖല

൧൧൧൦. കുംഭത്തിൽ എഴുതിയത്—

൧. ഒരു നവോഢയുടെ ഗൃഹത്തിൽ അവളുടെ നിത്യസഖി ചെല്ലുന്നു. സൌധോപാഗത = സൌധത്തിൽ (മാളികയിൽ) വന്നവൾ. മടിയിലെ . . . . മുഗ്ദ്ധേ— മടിയിലുള്ളതും മനസ്സിലുള്ളതും പറയാറില്ല എന്നൊരു ചൊല്ലുണ്ട്. അനാഥത്വം പെട്ടപോലവശമായ്—ഇതൊക്കെ കാണാൻ നാഥനായിട്ടൊരാളില്ലെന്നു തോന്നിപ്പോകും! മുല്ലാട്—മടിയിലുള്ളതെന്തെന്നും മററും പറയുന്നതിന്നു മുമ്പേ. പട്ടുനൂലിഴച്ചാർത്ത്—തലമുടിയുടെ മനോഹാരിതയും മാർദ്ദവവും വ്യഞ്ജിക്കുന്നു. ശില്പകോവിദങ്ങൾ=തൊഴിലിൽ നൈപുണ്യമുള്ളവ. സഖിയുടെ മടിയിൽ ഈ സ്വർണ്ണവർണ്ണമായ പൂമാലയായിരുന്നു. മനസ്സിൽ സ്വർണ്ണോജ്ജ്വലമായ സ്നേഹവും. രണ്ടും അവൾ ഇവിടെ ഉപയോഗിച്ചു. വല്ലമട്ടിലു . . . . . വേണ്ടി— ആ സൌരഭ്യം അത്രമേൽ മനംകുളിപ്പിക്കുന്നതാണ്; അന്തിത്തെന്നലിന്ന് അതൊന്നനുഭവിക്കാൻ കഴിയാതിരുന്നാൽ എന്തു കഷ്ടവും നഷ്ടവുമായിരിക്കും! ഒട്ടൊട്ട്— ജനൽമറകൾ തൻെറ പ്രവേശത്തെ തടയാൻ നോക്കിയിട്ടും, ക്ഷമകെട്ടു തിക്കിത്തിരക്കി കടക്കാൻതന്നെ നോക്കി എന്നു ധ്വനി.

൨. ഇന്ന് — ഇവൾ പ്രായേണ നാൾതോറും വന്നു നവോഢയെ ചമയിക്കാറുണ്ട്. സൈരന്ധ്രീകൃതം — തലമുടി ചീകിമിനുക്കികെട്ടിക്കലും, ചമയിക്കലും മററുമാണല്ലോ സൈരന്ധ്രിയുടെ ജോലി. കനിഞ്ഞ് — ഗൃഹനായികക്കിതിന്നു ദയയുണ്ടായില്ലെങ്കിൽ തന്റെ ശില്പവൈദഗ്ദ്ധ്യം കൊണ്ടാടപ്പെടാതെ പോകുമല്ലോ. ഉന്നിദ്രചാമ്പേയാവതംസ=വികസിച്ച ചമ്പകപ്പൂക്കൾ ചൂടിയവൾ. ചൈത്രശ്രീ=വസന്തലക്ഷ്മി; ആതിഥേയിയുടെ അംഗകാന്തി വ്യഞ്ജിക്കുന്നു. തീർച്ചയായ് കാണും — അതിഥിക്കു യാതൊരു സംശയവുമില്ല, തന്റെ സഖി വസന്തലക്ഷ്മിയായി കണ്ണാടിയിൽ കാണപ്പെട്ടു! അഥനൃനിതാ വന്നു — ഗൃഹനായകൻ (ആതിഥേയിയുടെ ഭർത്താവ്) എത്തിച്ചേർന്നു. വാനമാം . . . . . തീൻ — ഭർത്താവ് ഒരുദ്യോഗസ്ഥനാണെന്നു വ്യംഗ്യം. ഭാനുമാനതാ . . . . . സമീപിച്ചു — നായികാനായകന്മാരുടെ ശരീരസൌന്ദര്യവും യോജിപ്പും മററും ധ്വനിക്കുന്നു. ഉല്ലളൽസ്മിതഗർഭം=പുറപ്പെട്ട പുഞ്ചിരി ഉൾച്ചേർന്നത്. കല്യ=വിദഗ്ധ. നവോഢയുടെ ലജ്ജാവൈവശ്യവും പ്രിയങ്കലുള്ള പ്രണയവിഭ്രമവും വ്യഞ്ജിക്കുന്നു. സ്ത്രീകളുടെ പ്രഥമമായ പ്രണയവചനം വിഭ്രമമാണല്ലോ.

൩. നിഷ്ക്രാന്തയായ്=പുറത്തേക്കു പോയി; കവിളത്തു കിട്ടിയ തിരുമ്മലാകുന്ന സമ്മാനവുംകൊണ്ടു സഖി പോയ്ക്കഴിഞ്ഞു. ഗേഹിനി . . . . മിന്നൽക്കൊപ്പം — അവളുടെ ലജ്ജ അവളെ അവിടെ നില്ക്കാനനുവദിച്ചില്ല. ആളിതൻ . . . . കുന്തൽകെട്ടും — സഖിയുടെ സൈരന്ധ്രീകൃത്യനൈപുണ്യം കൊണ്ടാടപ്പെടുമെന്നിരുന്നാലും, അതുംകൊണ്ടു ഭർത്താവിന്റെ മുമ്പിൽച്ചെന്നു നില്ക്കണ്ടേ?

പ്രീളതൻ പനിനീർപ്പൂ പതിഞ്ഞ കവിൾ—കവിൾത്തുടുപ്പിനെ പനിനീർപ്പൂവാക്കി കല്പിച്ചിരിക്കുന്നു. കേളിലോലുപൻ—ആ നേരംപോക്കുകാരനുണ്ടോ, ഇതെല്ലാം കണ്ടാൽ ഒന്നു കളിയാക്കാതെ വിടുന്നു! ആത്തധൈര്യം=ധൈര്യത്തോടുകൂടി. നാഥൻ = ഭർത്താവു്. അന്യോന്യമകലുക . . . . നമ്മാൽ—കേവലം ശാരീരികമായി മാത്രമേ ബന്ധിച്ചിട്ടുള്ളുവെങ്കിൽ, അതെളുപ്പത്തിൽ വിടുത്താൻ കഴിഞ്ഞേനേ; പക്ഷേ, ആത്മാക്കൾ തമ്മിൽ പരസ്പരം ബന്ധിച്ചിട്ടുള്ളതു വിടുത്തുന്നതു് എളുപ്പമല്ലല്ലോ. വണ്ടാണോ തവ കാന്തൻ—വണ്ടിന്നു ചമ്പകപ്പൂഗന്ധം അസഹ്യമത്രെ. ധമ്മില്ലം=കെട്ടിവെച്ച തലമുടി. കാറിനെക്കാല്ക്കീഴിട്ട . . . . . അഹംതന്നേ—കാറിനെ തോല്പിച്ച ഈ കാന്തിവായ്പിന്നു (തലമുടിക്കു) വീരശൃംഖലയാകുന്ന വിരുതു വാങ്ങാൻ പൂർണ്ണമായ അർഹതയുണ്ടു്. ചമ്പകപ്പൂച്ചുററിനെ പൊന്നിൻ വീരശൃംഖലയായി കല്പിച്ചിരിക്കുന്നു. ജയലക്ഷ്മി — നായികയുടെ പേരും ഇതാകാം. അവളുടെ ആലിംഗനം ഒന്നുമാത്രം മതി, ജീവിതപ്പോരിൽ തനിക്കു വീരശൃംഖല നേടാൻ—വിജയം ലഭിപ്പാൻ: സ്നേഹമയിയായ പ്രിയതമയുടെ പ്രേമമൊന്നു മതിയല്ലോ, പ്രാരബ്ധജടിലമായ ഈ പ്രപഞ്ചത്തിൽ മനുഷ്യനെ ആശ്വസിപ്പിക്കാൻ. അതു തനിക്കു കൈവരട്ടെ എന്നാശംസ. (അവരന്യോന്യം ആലിംഗനം ചെയ്തു—അവളുടെ ആ കനകപ്രഭമായ കൈവലയം അയാൾക്കൊരു വീരശൃംഖലയായിച്ചമഞ്ഞു!)

DEPARTMENT OF ... -7 JAN 1946 UNIVERSITY OF MADRAS.

UNIVERSITY LIBRARY 27 DEC 1945

ആ കപ്പൽയാത്ര

൧൧൧൦ മീനത്തിൽ എഴുതിയത്.

൧. കവിയുടെ മലയേഷ്യായാത്രയെപ്പററി:—

ബന്തർ=തുറമുഖം. ഇഴകയായ്—തുറമുഖം വിടുമ്പോഴുള്ള മന്ദഗതിയെ സൂചിപ്പിക്കുന്നു. എന്നാദിമ....സിന്ധൂർമ്മികൾ—വിദൂരസഞ്ചാരത്തിന്നു പോകുന്ന ആളുകളെ സുഹൃത്തുക്കൾ കൈലേസ്സു വീശി യാത്രയാക്കുന്ന പരിഷ്കൃതരീതിയെ അനുസ്മരിക്കുക. സിന്ധൂർമ്മികൾ=സമുദ്രത്തിരകൾ. കപ്പലിലിരുന്നു പുറത്തേക്കു നോക്കിയപ്പോൾ, ഇളകിമറിയുന്ന സമുദ്രത്തിലെ തിരമാലകൾ വെണ്ണുരകളാകുന്ന കൈലേസ്സു വീശി തന്റെ ഒന്നാമത്തെ കപ്പൽയാത്രയെ കൊണ്ടാടുന്നതുപോലെ തോന്നി. നോട്ട....കരപ്പുറം=വാഹനങ്ങളിലിരുന്നു ചെയ്യുന്നവക്കു വാഹനം നീങ്ങുമ്പോൾ, അവയുടെ വേഗംമൂലം ചുററുപാടുകൾ നീങ്ങിനീങ്ങി അകന്നു പോകുന്നതായിട്ടാണല്ലോ തോന്നുക. ആ തോന്നലിനെയാണ്, "നോട്ടമെങ്കൽ.....ആ കരപ്പുറം" എന്നു ഹൃദ്യമായി പറഞ്ഞിരിക്കുന്നത്. മനമല്ലാമനസ്സോടെ യാത്രയയക്കപ്പെട്ട സ്നേഹിതന്റെ മേൽനിന്നു കണ്ണെടുക്കാൻ തോന്നുന്നില്ല ആ കരപ്പുറത്തിന്ന്! ഇങ്ങിനത്തെ സമയത്താണല്ലോ പിമ്പോട്ടു നടക്കുക. പ്രാച്യസമുദ്രം=കിഴക്കെ സമുദ്രം (ബെങ്കാളുൾക്കടൽ). പശ്ചിമാംഭോധി=പടിഞ്ഞാറെസ്സമുദ്രം. (അറബിക്കടൽ). പാർശ്വസ്ഥൻ=സമീപത്തു താമസിക്കുന്നവൻ—കവിയുടെ വാസം അറബിക്കടലിന്നടുത്താ

ണ്. ആ നിൻസുഹൃത്ത്=പശ്ചിമാംഭോധി. വിചിഹസ്തം=തിരയാകുന്ന കയ്യ്. ബധിരനായ തന്നോടു സംസാരിച്ചിട്ടു പ്രയോജനമില്ലെന്നു കരുതി, തന്റെ സുഹൃത്തായ അറബിക്കടലിന്നു സുഖമല്ലേ എന്നു തിരക്കൈകൊണ്ടുള്ള ആംഗ്യങ്ങളാൽ ചോദിക്കുന്നതായി തോന്നുന്നു. ള്രം ള്രം . . . . ജഗത്തിലെപ്പൊഴും— ഈ ലഹളയൊക്കെയുണ്ടായിട്ടും, ചെവികേൾക്കായ്കയാൽ താൻ നിശ്ശബ്ദതയുടെ ഒരു ലോകത്തിലാണ് ജീവിച്ചിരുന്നത്. പിവരോത്തുംഗം=തടിയും ഉയരവുമുള്ളത്. ദ്യോവിനേകുന്നു..... കുഴലിനാൽ—പുകക്കുഴലിൽനിന്നു പുറപ്പെട്ട് അന്തരീക്ഷത്തതിലെങ്ങും പരന്നു കാണപ്പെട്ട പുക ദ്യോവിന്ന് (ദ്യോവ് [ആകാശം] ആകുന്ന സ്ത്രീക്കു) കറുത്തു ചുരുണ്ട കുന്തളത്തെ സമ്മാനിക്കുന്നു. അംബുധിവീഥിയിൽ (കപ്പൽ പോകുന്ന സമുദ്രത്തിന്റെ വഴിയിൽ) വെളുത്ത പതയാകുന്ന കുമ്മായമിടുന്നു—ഈ കപ്പൽ ഒരു മഹാശില്പിയല്ലെന്ന് ആർ പറയും?

II

൧. ഡിണ്ഡീരഷണ്ഡാവകീർണ്ണം=നുരക്കൂട്ടങ്ങൾ ചിന്നിച്ചിതറിയത്. താഴത്തു സമുദ്രത്തിൽ നുരക്കൂട്ടങ്ങൾ ചിന്നിച്ചിതറിക്കിടക്കുന്നതിന്റെ ഭംഗി കണ്ടിട്ട് അനുകരണേച്ഛയാൽ നഭസ്ഥലം (ആകാശം) തനിക്കും വെണ്മേഘത്തുണ്ടുകൾകൊണ്ട് ഒന്നു ചന്തം വരുത്തി. ചലന്മേഘം=ചലിക്കുന്ന മേഘങ്ങളോടുകൂടിയത്. വാതവേഗോത്ഥാപിതോർമ്മി=കാററിന്റെ വേഗംകൊണ്ടു പൊങ്ങിക്കപ്പെട്ട തിരകളോടു കൂടിയത്. സമസ്തദിഗ്വ്യാപി=എല്ലാദിക്കിലും വ്യാപിക്കുന്നത്. സുദുസ്തരം=തരണംചെയ്യാൻ

ത്തുപോം പ്രയാസമുള്ളത്. അമേയം=അളക്കാൻ വയ്യാത്തത്. അഭംഗുരം=നാശമില്ലാത്തത്. രണ്ടുമൂന്നായിരം.... നീ—രണ്ടുമൂവ്വായിരം ആളുകളാൽ നിറയപ്പെട്ട ബ്രഹ്മാണ്ഡംപോലെയുള്ള ഈ കപ്പൽ ആകാശംപോലെ പരന്നുകിടക്കുന്ന സമുദ്രത്തിൽ ഒരു കൊച്ചുപറവയാകുന്നേയുള്ളു. ബ്രഹ്മാണ്ഡംപോലെ വലുതായിട്ടും, ഒരു പക്ഷിയെപ്പോലെയല്ലേ തോന്നുന്നുള്ളുവെന്നു ധ്വനി.

III

൩. ഭാസ്വാൻ=സൂര്യ്യൻ. സൂര്യ്യൻ അസ്തമിച്ച ഉടനെ പ്രത്യക്ഷീഭവിയ്ക്കുന്ന അന്തിച്ചുകപ്പു കണ്ടാൽ, സൂര്യ്യൻ സമുദ്രത്തിൽനിന്നെടുത്തു പൊന്തിച്ചതായി തോന്നുമല്ലോ. ഉഡുക്കൾ=നക്ഷത്രങ്ങൾ. ആദിമസന്ധ്യ=പ്രഭാതം. പിറെറന്നാളത്തെ ആദിമസന്ധ്യ ആദിത്യബിംബമാകുന്ന പൊൻകുടത്തെ ചുമന്നു വന്നെത്തുംവരെ, രാത്രി സമുദ്രത്തെ കൂരിരുട്ടാകുന്ന ഇരിമ്പുപാത്രത്തിൽ അടച്ചുവെച്ചു. രാത്രിസമയത്ത് ഇരുട്ടുമൂലം, ആകാശം ഭൂമിയെ ഇങ്ങിനെ മൂടികൊണ്ട് അടച്ചിരിയ്ക്കുന്നതായി തോന്നുമല്ലോ. രാത്രിസമയത്തു സമുദ്രത്തിൻെറ പരപ്പു കുറഞ്ഞുകുറഞ്ഞ് ഒരു കിണറെന്നപോലെ കാണപ്പെടുന്നതായി തോന്നുന്നു. രാത്രിയിൽ ചില കിണറുകൾ അടച്ചിടാറുണ്ടെന്നുള്ളതും ഓക്കുക. ചാലിതയന്ത്രാരവം=ചലിപ്പിയ്ക്കപ്പെട്ട യന്ത്രത്തിൻെറ ശബ്ദം. അതിനെ ജല്പനമാക്കിക്കല്പിച്ചിരിയ്ക്കുന്നു. പാഥോധി=സമുദ്രം. തിരകളെ സമുദ്രത്തിൻെറ ഗൃഹദാസികളാക്കിക്കല്പിച്ചിരിയ്ക്കുന്നു. തടിദ്ദീപശുഭ്രം=വൈദ്യുതദീപങ്ങൾകൊണ്ട് ഇരുട്ടു നീങ്ങിയത്. അന്യൂനഭോഗ്യർ=ന്യൂനതയില്ലാത്ത (കുറവില്ലാത്ത) സുഖവസ്തുക്ക

ളോട്ടുകൂടിയവർ. കല്പിച്ചു വാഴുന്നു—അധികാരശക്തി ധ്വനിയ്ക്കുന്നു. നാനാജുഗുപ്സിത .... സംവൃതർ—പലതരത്തിലുള്ള അറപ്പു ജനിപ്പിക്കുന്നവയും വ്യാധികളെ ഉണ്ടാക്കുന്നവയുമായ അശുചിത്വങ്ങളാലും ദുർഗ്ഗന്ധങ്ങളാലും ചുററപ്പെട്ടവർ. ഊഴിയി...... ചാപ്പിടം—തൊഴിലാളികൾക്ക് എവിടെയും നരകംതന്നെ. ലോകത്തെ ഐശ്വര്യപൂർണ്ണമാക്കുന്ന അധ്വാനശീലരായ പണിക്കാർക്ക്, അത്യന്താപേക്ഷിതങ്ങളായ പ്രാഥമികജീവിതസൌകര്യങ്ങൾകൂടി ലഭിക്കുന്നില്ലല്ലോ, ഇന്നത്തെ ദുഷിച്ച ഭരണസമ്പ്രദായംകൊണ്ട്! കാലത്തുണർന്ന് .... താതിടം—കപ്പലിൽ പതിവായി ചായംതേയ്ക്കലുണ്ട്. നില്ലാതെ= അമാന്തംകൂടാതെ. വീചികാഗ്രങ്ങൾ=തിരമാലകളുടെ അററങ്ങൾ. കപ്പലിലെ തൊഴിലാളികളെന്നപോലെ സൂര്യനും പണിയെടുക്കാൻ തുടങ്ങി.

IV

൧. പെട്ടെന്നു ചക്രവാളത്തിൽ മൂടലുണ്ടാവുകയാൽ നാലുഭാഗവും കരിങ്കന്മതിൽ കെട്ടിയ ഒരു വട്ടക്കുളംപോലെയായിത്തീർന്നു കടൽ. ഇങ്ങിനെ സമുദ്രത്തിന്റെ വിസ്തൃതി കുറഞ്ഞതിനെപ്പററി പറയുന്നു: എത്ര മഹാന്മാരായാലും, ഉണ്ടികക്കച്ചവടം തുടങ്ങിയാൽ—അമിതമായ പലിശയ്ക്കു പണം കടം കൊടുത്തു ധനം സമ്പാദിക്കാൻ തുടങ്ങിയാൽ—അവരുടെ ഹൃദയവിശാലത നഷ്ടപ്പെട്ടുപോകും. അല്പാല്പമായി നീരാവി അന്തരീക്ഷത്തിന്നു നല്കിയതിന്നു പകരമായി സമുദ്രം നല്ല (വമ്പിച്ച) മഴയാകുന്ന പലിശ പററുകയല്ലേ ചെയ്യുന്നത്? (അന്നൊരു മഴയുണ്ടായി.) രത്നാകരം (രത്നങ്ങളുടെ വിളനിലം) എന്നു പറഞ്ഞതുകൊണ്ടു സമുദ്രത്തിന്ന് ഈ പ

ഖിശ പററിയിട്ടൊന്നും വേണ്ട ഉപജീവനത്തിനെന്നും, അതു കൂടാതെതന്നെ കഴിഞ്ഞുകൂടാമെന്നിരുന്നിട്ടും വക യില്ലാത്തവരെ ദ്രോഹിച്ചുപേക്ഷിക്കുന്നില്ലെന്നും ധ്വനി. ഇങ്ങിനെ ഉണ്ടികക്കച്ചവടത്തേയും മററുമുള്ള പരിഹാസം അവധേയം. ഈ ദശാഭേദം—അവസ്ഥാഭേദം—തരക്കേടില്ല. ഫേനമാം വെള്ളി—ഇപ്പോൾ പതയാകുന്ന വെള്ളി വിതറുകയെന്ന സ്വല്പമായ നിന്റെ ത്യാഗവും കാണ്മാനില്ല; കുറച്ചൊക്കെ ധർമ്മം ചെയ്യുക എന്ന പതിവും പോയ്പ്പോയി! മഴ പെയ്യുമ്പോൾ നരയുമകന്നു.

V

ആപാണ്ഡുനീരം = തെല്ലു വെളുത്ത നിറം. റൊട്ടിക്കഷണം ആളുകൾ എറിഞ്ഞുകൊടുത്താൽ കടല്ക്കാക്കകൾ കൊക്കുകൊണ്ടു പിടിക്കും. കരസ്പൃഷ്ടത്തോടുകൂടി കടല്ക്കാക്കകൾ ധാരാളം കാണപ്പെട്ടു. അനക്ഷരം = അക്ഷരങ്ങൾ കൂടാതെ. പ്രിയം = സന്തോഷവർത്തമാനം. കരസ്പൃഷ്ടമായെന്നതു വളരെ ദിവസമായി കടൽയാത്ര ചെയ്യുന്നവക്കു് ഒരു നല്ല വർത്തമാനമാണല്ലോ.

൬. പച്ചയുടുപ്പിട്ട — വൃക്ഷലതാദികളാലാച്ഛാദിതമായ. ദൃഷ്ടിവെച്ചു്—അതിഥികളെ എതിരേല്ക്കുന്നതിലുള്ള ആദരവും ശ്രദ്ധയും വ്യഞ്ജിക്കുന്നു. നൌക = കപ്പൽ. എന്മാതൃ .... മലയേഷു—കേരളവും മലയേഷ്യയും ഭൂപ്രകൃതികൊണ്ടു സാമ്യമുള്ളവയാണു്. പുഞ്ചിരി തൂകി പുഷ്പങ്ങളാൽ—അതിഥികളെ സ്വീകരിക്കുമ്പോഴത്തെ ഔദാര്യപ്പുഞ്ചിരിയത്രേ ഈ പുഷ്പവികാസം. കൃച്ഛ്രാൽ = പ്രയാസപ്പെട്ടു്. സംയമി = സന്ന്യാസി. വളരെ ദിവസം കപ്പലിൽ യാത്ര ചെയ്തു മഹാസാഗരത്തെപ്പിന്നിട്ട ത

നിക്കു സംസാരസാഗരം പിന്നിട്ട ഒരു സംയമിക്കുണ്ടാവുന്ന സമാശ്വാസമത്രെ അനുഭവപ്പെട്ടത്. അങ്ങിനെയുള്ള ആ സമാശ്വാസത്തിന്റെ നെടുവീൎപ്പ് സ്വൎഗ്ഗത്തിലുള്ളവരെ (ദേവന്മാരെ) കോൾമയിൎക്കൊള്ളിച്ചിട്ടുണ്ടാവാം. സ്വൎഗ്ഗത്തിലെത്തത്തക്കവണ്ണം അത്ര പൊങ്ങിയ നെടുവീൎപ്പായിരുന്നു അത്!

ഓണസ്സദ്യ

൧൧൧൬ ചിങ്ങത്തിൽ എഴുതിയത്:—

൧. വൃദ്ധാദിത്യൻ—സൂൎയ്യനാകുന്ന കാരണവർ പച്ചക്കറി വല്ലതും ഉണ്ടോ എന്നാരായാൻവേണ്ടി അസ്തമയപൎവ്വതത്തിന്റെ താഴ്‌വാരത്തിലുള്ള തോപ്പിന്നുള്ളിൽ പ്രവേശിച്ചു. രിക്ത=ശൂന്യ; ഒരു വകയുമില്ലാത്ത. ചെമ്മ്=ഭംഗി. രിക്തയാം . . . . . . തൻവസ്ത്രത്തെ — ഒന്നുമില്ലാത്ത ആ വാനവും ഓണം പ്രമാണിച്ച് അതിന്റെ ഉടുവസ്ത്രം ഒന്നു വെളുപ്പിച്ചിരിക്കുന്നു. കൎക്കിടകത്തിലെ കാർനിറഞ്ഞ ആകാശം ചിങ്ങമാസത്തിൽ കാറൊഴിഞ്ഞു നിൎമ്മലമാവുന്നതിനെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്: ചെമ്മുററ . . . . . . അന്തിക്കാർകൾ—ഓണത്തിന്നു തൃക്കാക്കരയപ്പനെ വെക്കുക എന്ന ഒരു ചടങ്ങുണ്ട്, ഹിന്ദുക്കളുടെ ഇടയിൽ. നാളെയാണോണം—മഹാബലിയെ സബഹുമാനം സൽക്കരിച്ചെതിരേല്ക്കാൻ ഇത്തരം ഒരുക്കങ്ങളെല്ലാം വേണ്ടതുതന്നെ. പക്ഷേ, കേരളത്തിലെ സ്ഥിതി ഈയവസരത്തിൽ അതിന്നൊത്ത പററിയതല്ലെന്നു പിന്നത്തെ വരികളിൽപ്പറയുന്നു. പോർത്തിയ്യ്=ഇപ്പോഴത്തെ യുദ്ധമാകുന്ന തിയ്യ്. കൊട്ടംകാററാലുടഞ്ഞു . . . . . ന്നോണം—ആ വൎഷത്തിൽ കേരളത്തെ അങ്ങോളമിങ്ങോളമിട്ടുലച്ചു മുച്ചൂടും മുടിച്ച കൊട്ടംകാററിനെയും വെള്ളപ്പൊക്കത്തെയും സ്മരിക്കുക. മുക്കുററിപ്പൂവിന്നും മൂക്കുത്തിക്കും തമ്മിൽ സാമ്യമുണ്ടല്ലോ. മുക്കുററിയുടെ മൂക്കുത്തിപ്പണി വെറുതേ: ഈ കടുത്ത വറുതി

യിൽ ആരാനും പണ്ടം വിലയ്ക്കു വാങ്ങുമോ? എമ്മട്ടോ . . . . കടക്കുവാൻ—ആളുകളെല്ലാം ഒരുവിധത്തിൽ ഈ മഹോത്സവത്തിലേയ്ക്കു കടന്നുകൂടാനായി— ഓണം വല്ലവിധത്തിലും ഒന്നു കൊണ്ടാടാനായി—വഴി തടഞ്ഞു നില്ക്കുന്ന ക്ഷാമത്തെ 'കണ്ണുംപിടിയും' കാട്ടി ചൂളിച്ചുനിൎത്തി—വാസ്തവത്തിൽ, സമൃദ്ധിയുടെ സന്ദേശവുംകൊണ്ടു വന്ന ആ പൊന്നിൻചിങ്ങത്തിലും, ക്ഷാമം അതിന്റെ കരാളനൃത്തം ചവിട്ടിക്കൊണ്ടിരുന്നു എന്നു വ്യംഗ്യം. എമ്മട്ടോ എന്നു പറഞ്ഞതുകൊണ്ടു ക്ഷാമത്തെ ചൂളിച്ചുനിൎത്താൻതന്നെയും എത്ര പാടുപെട്ടുവെന്നു ധ്വനിക്കുന്നു. നേന്ത്രപ്പഴക്കുലകളെ കാലത്തിന്റെ വിജയപ്പൊന്തഴകളായി രൂപണം ചെയ്തിരിക്കുന്നു.

൯. കൽത്തുണ്ടു . . . . . ഭേദം—അടിച്ചുമത്തിയിരുന്ന കരിങ്കല്ലിൻ കഷ്ണങ്ങൾ (മേൽമണ്ണു നീങ്ങി) പൊന്തിയ നിറത്തും, കുട്ടിയുടെ എല്ലുന്തിയ കൃശശരീരവും തമ്മിൽ വലിയ വ്യത്യസമൊന്നുമില്ല. രണ്ടും പട്ടിണിപ്പാടിൽത്തന്നെ. തത്തുച്ഛരീരം=അവന്റെ ചെറിയ ശരീരം. ഈ വക . . . . തന്ത്രം—ദേശഭരണത്തിന്ന് ഈ വക കാര്യങ്ങളിൽ ശ്രദ്ധിക്കുകയല്ലല്ലോ എന്നു പരിഹാസം. പൊതുജനകാൎയ്യങ്ങളിൽ മനസ്സുവെയ്ക്കാൻ ഭരണസമ്പ്രദായം തികച്ചും പ്രജായത്തമാവണമല്ലോ! ദാരിദ്ര്യാനലധൂമരേഖ=ദാരിദ്ര്യത്തിന്റെ ഒരു വരി പുക. ദാരിദ്ര്യ . . . . . കീറമുണ്ട്—അവന്റെ തോളിലിട്ട മുഷിഞ്ഞു നാറിയ കീറമുണ്ടു കണ്ടാൽ ദാരിദ്ര്യാഗ്നിയുടെ പുകയാണെന്നു തോന്നും. തൽപൃഷ്ഠത്തെ (അവന്റെ പുറത്തെ) തടവി—ആ ചെറുകിഴിക്കുതന്നെ അറിയാമായിരുന്നിരിക്കണം, അവന്റെയും അവന്റെ കുടുംബത്തിന്റെയും ആവശ്യം

തികച്ചും നിൎവ്വഹിയ്ക്കാൻ താൻ പൎയ്യാപ്തമാവില്ലെന്ന്; ആ വിചാരത്താലാവാം, അവനെ സ്വാതന്ത്ര്യനപ്പെടുത്താനെന്നപോലെ, അവന്റെ പൃഷ്ഠഭാഗത്തെ ആ കീറിക്കുടെക്കൂടെ തലോടിയിരുന്നത്! ശ്യാമം—പച്ചനിറത്തിലുള്ളത്—പച്ച ഇലകൊണ്ടാണ് പൊതിഞ്ഞിരുന്നത്. മൂക്കു പൊത്തിയ്ക്കുന്നതാകിയ—വല്ലാത്ത ദുൎഗ്ഗന്ധമുള്ള ഉണക്കമത്സ്യമോ മറ്റോ ആവണം. ആ ദുൎഗ്ഗന്ധത്തെ വമിയ്ക്കുന്ന ഭക്ഷണപദാൎത്ഥവും ഒരു സുഗന്ധദ്രവ്യമെന്നപോലെ മണത്താസ്വദിയ്ക്കുവാൻ മാത്രം മുഴുത്ത അവന്റെ ആൎത്തിയുടെ ദയനീയതയെയാണ് കവി കാണിച്ചുതരുന്നത്. ശോഷിച്ചു. . . . . . പോകും—അവനു വേഗം പോകണമെന്നുണ്ട്; പക്ഷേ, അവന്റെ പട്ടിണിക്കാലുകൾ അനുവദിയ്ക്കുന്ന വേഗത്തിലല്ലേ നടക്കാൻ കഴിയൂ? ദീനവേഷനാ. . . . . മിഴിക്കുണ്ടിൽ—എന്നാൽ വൈകുന്നേരംവരെ എതാണ്ട് ഉപവാസമായിരുന്നേയ്ക്കാവുന്ന അവൻ ആ പരിമിതമാത്ര വിഭവത്താൽത്തന്നെ തൃപ്തനായിരിയ്ക്കുന്നു. അത്രയ്ക്കുവശനാണവൻ എന്നൎത്ഥം. ഇതിനാൽത്തന്നെയാണ്, അരികിൽ 'ഉഷ്ടരായ് തിമൎക്കുന്ന' 'ഒട്ടാത്ത വയറുള്ള (ഓണസ്സദ്യയാൽ വയർവീൎത്ത) ഭാഗ്യവന്മാരെക്കണ്ട്,' അവൻ നെടുവീൎപ്പിടാത്തതും. ലോകത്തിൽ കണ്ടുവരുന്ന ഈ വൈപരീത്യത്തെ—ഒരു ദിക്കിൽ സമൃദ്ധി, മറ്റോരിടത്ത് ഒന്നുമില്ലായ്മ—പ്പററി അവനും ചില നിനവുകളെല്ലാം ഉണ്ടായിട്ടുണ്ടാവണം. എന്നാൽ ഇപ്പോൾ, അവന്റെ കയ്യിലുമുണ്ടല്ലോ സ്വല്പം ഭക്ഷ്യം. വിശപ്പിന്റെ മുമ്പിൽ ഈശ്വരൻപോലും ഭക്ഷണത്തിന്റെ രൂപത്തിലാണവതരിയ്ക്കുക.

൩. ദിഷ്ടവൈപരീത്യം = ഭാഗ്യവൈപരീത്യം. വഴിയിൽ വീണു ചിന്നിച്ചിതറിയ അരിമണികളെ അവന്റെ നിനവുകൾ നുറുങ്ങി ചിന്നിച്ചിതറിയതായി കല്പിച്ചിരിക്കുന്നു; ആ കിഴിയിന്മേലാണല്ലോ അവന്റെ എല്ലാ നിനവുകളും—ആശകളും—വർത്തിച്ചിരുന്നത്. സംഭ്രമ .....സംഭൃതൻ = സംഭ്രമം, ലജ്ജ, ദുഃഖം എന്നിവ കൂടിച്ചേർന്നവൻ. എമ്പാടും....ക്ഷിച്ചു—തനിക്കു പററിയ അമളി ആരാനും കണ്ടുവോ എന്നു്. പതിതപ്രാണാംശങ്ങൾ = വീണുപോയ ഉപജീവനവസ്തുവിന്റെ അംശങ്ങൾ (അരിമണികൾ). ആപത്തിൻ വിമാനം ....പരുന്തു്—അവൻ അരി പെറുക്കിയെടുക്കുന്ന ആ അവസരത്തിൽ ആപത്തിന്റെ വിമാനംപോലെ ഒരു പരുന്തു പറന്നെത്തിച്ചേർന്നു. അനുകമ്പാപരരാം ....തിരുവീഥിയിലൂടെ—അനുകമ്പയുള്ളവരെന്നു വിളിപ്പെട്ട ദേവന്മാരുടെ തിരുവീഥിയിലൂടെ (ആകാശത്തൂടെ)യാണു്, ആ പരുന്തു് ഒരു സാധുക്കുട്ടിയുടെ കൊററു തട്ടിക്കൊണ്ടുപോയതു്; ഈ പിടിച്ചുപറിയെ ദയാലുക്കളായ ദേവകളിലാരും തടുക്കുകയുണ്ടായില്ല! തിരുവീഥി—ബഹുമാനസൂചകം. നിരാലംബൻ = നിരാശ്രയൻ. താതന്റെ സർവസ്വത്താൽ—അച്ഛൻ എങ്ങിനെയോ ബുദ്ധിമുട്ടി കൂലിപ്പണിയെടുത്തു സമ്പാദിച്ചതെല്ലാം കൂടിയുള്ളതാണതു്. പാതമണ്ണിന്നും....പങ്കിട്ടല്ലോ—അരി പാതയിൽ കൊഴിഞ്ഞു വീണുപോയി; വരൾമീൻപൊതി പരുന്തും റാഞ്ചിക്കൊണ്ടുപോയി. അമ്മുഴ....പാവം—വിശപ്പിന്റെ തല്ലു മാത്രമല്ല അച്ഛന്റെ തല്ലും കൊള്ളണം. രണ്ടുംകൂടി സഹിക്കാൻ ഈ കൊച്ചന്നു് എങ്ങിനെ കഴിയുമെന്നു 'പാവം' എന്നുള്ള പദത്തിൽനിന്നു

വൃഞ്ജിപ്പിക്കുന്നു.

മാററുകി . . . . മഹാബ്ധിപ്പിക്കും—ഇതു കവി ആ കുട്ടിയോടു സവാത്സല്യം നേരിട്ടു പറയുന്നതാണ്. ഭവൽകുലദൈവതം സഹിഷ്ണുത്വം—സഹനശീലമൊന്നാണല്ലോ സാധുക്കളുടെ പരദേവത. അതില്ലായിരുന്നെങ്കിൽ, അനേകമനേകം പട്ടിണിപ്പാവങ്ങളുള്ള ഈ ലോകത്തിൽ എന്തുതന്നെ സംഭവിക്കില്ല! സഹനശീലം വേണമെന്നു പറയുന്നതോടൊപ്പം, ജീവിതസമരത്തിൽ നാം പരാജയബോധത്തോടുകൂടി—എന്നും തോല്ക്കാനേ ഇടയുള്ളു എന്നു കരുതി—ഒരിക്കലും പിന്തിരിഞ്ഞുപോകരുതെന്നു കവി ഉപദേശിക്കുന്നു! പരപ്പും ആഴവുമേറിയ മഹാസമുദ്രത്തിന്നുപോലും വേലിയേററവും ഇറക്കവും—ജയവും പരാജയവും—ഉണ്ടെന്നു നാം മനസ്സിലാക്കണം. പക്ഷേ, വീണ്ടും പൂർവ്വാധികം മുന്നോട്ടുപോകാൻവേണ്ടിയത്രേ സമുദ്രം പിന്തിരിഞ്ഞുപോരുന്നത്. അതുപോലെതന്നെ, ജീവിതസമരത്തിൽനിന്നുള്ള നമ്മുടെ ഓരോ പിന്തിരിയലും, നമ്മെ മുമ്പേത്തേക്കാൾ കർമ്മോന്മുഖരാക്കി മുന്നേറാൻ പ്രയോജനപ്പെടുത്തണമെന്നഭിപ്രായം.

IV

അഹിംസ

൧൧൦൭ ധനുവിൽ എഴുതിയത്.

അന്ന് ഇന്ത്യയിലെ ഭീകരപ്രസ്ഥാനം തീരെ കെട്ടടങ്ങിയിരുന്നില്ല. മർദ്ദനകാരിയായ മറുനാടൻ ഭരണത്തിന്റെ നേരെ ജനങ്ങൾക്ക് അടക്കാൻ വയ്യാത്ത വെറുപ്പും വിദ്വേഷവും ഉണ്ടായിരുന്നു. അതിന്റെ ഫലമായി അസംഘടിതമായ ഹിംസ അവിടവിടെ പൊട്ടിപ്പുറപ്പെട്ടിരുന്നു. ഒരു വ്യാഴവട്ടക്കാലത്തിന്നുമുമ്പു ഭീകരപ്രസ്ഥാനത്തിൽപ്പെട്ട ഒരു ചെറുപ്പക്കാരി ഒരുയൎന്ന ഉദ്യോഗസ്ഥനെ വെടിവെയ്ക്കുകയുണ്ടായി. ഈ സംഭവത്തിന്റെ വെളിച്ചത്തിൽ എഴുതിയതാണിക്കവിത. ഒരു രാഷ്ട്രീയായുധമെന്ന നിലയ്ക്കുമാത്രമല്ല, എല്ലാ നിലയ്ക്കും, കവി ഹിംസയെ എതിൎക്കുന്നു; മരിയ്ക്കാനല്ലാതെ മരിപ്പിയ്ക്കാൻ മനുഷ്യന്നവകാശമില്ലെന്നാണ് അദ്ദേഹത്തിന്റെ വാദം. ഹിംസകൊണ്ടു നേടിയിട്ടുള്ള ഏതു വിജയത്തിലും ലോകം പരാജയപ്പെട്ടിട്ടേയുള്ളു.

൧. ഗുരുജന........കൃഷ്ടയായി=ഗുരുജനങ്ങളുടെ— നേതാക്കന്മാരുടെ തപസ്സാകുന്ന (ത്യാഗമാകുന്ന) ഗുണത്താൽ ആകൎഷിയ്ക്കപ്പെട്ടവളായി. ദുരാവേശം=കെട്ട ആവേശം. എൻപ്രിയയുവാക്കളേ— "രാജ്യത്തിന്റെ സ്വാതന്ത്ര്യം സമ്പാദിയ്ക്കാൻ വേണ്ടിയാണ് ഞങ്ങൾ ഭീകരപ്രസ്ഥാനത്തിൽ ചേൎന്നിരിയ്ക്കുന്നത്" എന്നു പറയുന്നവരോടു നേരിട്ടു പറയുന്ന മാതിരി പറയുന്നു. വളർമാല്യം=വലിയ മാല. ചെന്തീക്കടുക്കകൾ=ബോമ്പുകൾ. അവിടെയ്ക്ക്—

രാജ്യലക്ഷ്മിക്കു്.

൨. തിരു......പട്ടം = ശ്രീമൽസ്വർഗ്ഗത്തിലെ ഇന്ദ്രപട്ടം. പെരിയ ധർമ്മത്തെ=അഹിംസയെ. നലമേറും=നന്മയേറുന്ന. അസ്ത്രാദാനം=ആയുധമെടുക്കൽ. അഭംഗധൈര്യ്യ=ദൃഢമായ ധൈര്യ്യത്തോടുകൂടിയവൾ. അരുതസ്ത്രാദാനം—വാല്മീകിരാമായണം ആരണ്യകാണ്ഡം ഒമ്പതാംസർഗ്ഗം, 'സീതാവാക്യം' എന്ന ഗാഥ നോക്കുക. ജനിഭൂവ്=ജന്മഭൂമി. പുരന്ധ്രിമാർ=സ്ത്രീകൾ. വരിഷ്ഠയത്നർ=ശ്രേഷ്ഠമായ പ്രവൃത്തിചെയ്യുന്നവർ. ദാസ്യതമസ്സ് = അസ്വാതന്ത്ര്യമാകുന്ന ഇരുട്ട്. നിരായുധപ്പോര്=ആയുധത്തോടുകൂടാത്ത പോര്—സഹനസമരം. കാതരത്വം=ഭീരുത്വം. ശമപ്പുകൾപ്പട്ട്=ശാന്തികൊണ്ടുള്ള കീർത്തിയാകുന്ന പട്ട്. സമസൃഷ്ടരക്തം = സഹോദരന്മാരുടെ ചോര. അഭീഷ്ടദായിനി = അഭീഷ്ടത്തെ തരുന്നത്. അഹിംസകൊണ്ടുതന്നെ നമുക്കു സ്വാതന്ത്ര്യം കൈവരും എന്നു സാരം.

V

പകൽ

൧൦൮൯ വൃശ്ചികത്തിൽ എഴുതിയത്.

ഒരു സായാഹ്നത്തിൽ കടപ്പുറത്തു ചെന്നുനിന്ന കവിയുടെ അനുഭവമാണിതിൽ വിവരിക്കുന്നത്.

൧. അത്രയും കുളിർ......ച്ചാത്തുതിന്നു കിടപ്പതാം—ആ വെണ്മണൽപ്പരപ്പിനാൽ ത്രലോം കുളിർപ്പിക്കപ്പെട്ട കണ്ണ്, അതിനെ പ്രകൃതീദേവിയുടെ കർപ്പൂരം ഉതിർന്നു കിടക്കുന്നതാണെന്നു വാദിച്ചു. അപ്പോൾ, അതിന്റെ മാധുര്യം തെല്ലൊന്ന് ആസ്വദിച്ച ഹൃദയം അതു പഞ്ചാരപ്പരപ്പാണെന്ന് അഭിപ്രായപ്പെട്ടു. ഇങ്ങിനെ കണ്ണും കരളും തമ്മിൽ ഒരു തീരാത്തക്കം നടക്കുകയായി; എന്നാൽ ഇതു കേൾക്കാനുള്ള ചെവിയാകട്ടെ, കടലിന്റെ പെരുമ്പറയടിയാൽ (അലയടിക്കുന്നതാൽ) ആകൎഷിക്കപ്പെട്ടിരിക്കുന്നു!—ഭാവനാശാലിയായ കവിയുടെ കണ്ണും കരളും ചെവിയും ആ മണൽപ്പരപ്പിന്റെ കുളുർമ്മയിലും മാധുര്യ(സൌന്ദര്യ)ത്തിലും, കല്ലോലമാലയുടെ പെരുമ്പറയടിയിലും അത്രമേൽ മുഴുകി എന്നു സാരം. വിസ്തൃതസുദീഘം=പരന്നു നീണ്ടുകിടക്കുന്നത്. അക്ഷയം=നാശമില്ലാത്തത്. മന്ദ്രതൂര്യാരാവം=പെരുമ്പറയടിയുടെ മുഴങ്ങുന്ന ശബ്ദം.

വിശ്വപൂജിതർ........തമോമലീമസം—ലോകത്താൽ മുഴുവൻ ആരാധിക്കപ്പെടുന്ന വിബുധർ (ദേവകൾ എന്നും ബുദ്ധിമാന്മാർ എന്നും) വിഹരിക്കുന്ന നഭസ്ഥലം തമോമലീമസം (= ഇരുട്ടിനാൽ മലിനം) ആണ്.

എന്നാൽ പാമരരായ മർത്ത്യർ ചവുട്ടിനടക്കുന്ന പാഴ്ന്നിലങ്ങൾപ്പുറപ്പോ, സത്ത്വസദ്ഗുണങ്ങളുഭവും! വെളുപ്പത്രേ, സത്ത്വഗുണത്തിന്റെ നിറം. ദേവലോകത്തിന്റെ നിസ്സാരതയേയും മർത്ത്യലോകത്തിന്റെ മഹിമാവിനേയും ഉദ്ഘോഷിച്ച്, കവി അഭിമാനംകൊള്ളുന്നു. ഇതിനു......ച്ചേടികളായ് — ഇത്രയും ഉപരിസ്ഥമായ ആ വിബുധവിഹാരസ്ഥലം ഇത്രമേൽ തമോമയമാണെന്നോർത്ത് ഈ മർത്ത്യലോകത്തിനു പരിഹാസമൊന്നുമില്ല; അതിന്റെ പേരിൽ അനുകമ്പയേയുള്ളൂ. അനുകമ്പാങ്കുരങ്ങൾ=(അങ്കുരമെന്നും അങ്കുരമെന്നും ആവാം) അനുകമ്പയുടെ മുളകൾ. അനുകമ്പയുടെ നിറം പച്ചയത്രേ.

൨. അന്നത്തെ സായാഹ്നം എങ്ങിനെയിരുന്നുവെന്നാണ് ഇനി പറയാൻ പോകുന്നത്. സായാഹ്നോദിതം=സായംകാലത്ത് ഉള്ളവായത്. അകൃത്രിമം=താനേ ഉണ്ടായത്. സായാഹ്നവേളയിലെ മങ്ങൽ പശ്ചിമചക്രവാളത്തിന്ന് ഒരു കന്മതിലിന്റെ പ്രതീതിയുളവാക്കി. ആ കന്മതിലിന്നുള്ളിൽ തലയുയർത്തി നില്ക്കുന്ന ആരാമവൃക്ഷങ്ങളായിത്തോന്നി, അവിടെ കണ്ട വലിയ മേഘഖണ്ഡങ്ങൾ. കൢപ്തം=നിർമ്മിക്കപ്പെട്ടത്. ജാതവിഭ്രമം=ഭ്രമമുളവായത്. മങ്ങൽമൂലം കടലിന്റെ വിശാലത അറിയപ്പെടാതായി; അരക്കാൽ നാഴികയേ കടലിന്നു വീതിയുള്ളൂ എന്നു തോന്നി.

ഉടുവസ്ത്രത്തിന്നുള്ളിലേക്കു കാററു കടന്ന്, പൊന്തിയും താണും തിരകളുടെ കളിയെ അനുകരിക്കാൻ തുടങ്ങിയതിൽ, ആ കടലിന്റെ കൈക്കുഞ്ഞുങ്ങൾക്കു (തിരകൾക്കു) നല്ല രസം പിടിച്ചു.

൩. മിത്ഥ്യാഭീതി=ഇല്ലാത്തതായ ഭീതി. തിരോഹിതം= മറയ്ക്കപ്പെട്ടത്. ജഗദ്ദീപം=സൂര്യ്യബിംബം. വാരുണപുരോദ്യാനം=വരുണന്റെ പട്ടണത്തിലെ പൂന്തോട്ടം. ഒരു മൂടൽ വന്നു സൂര്യ്യബിംബത്തെ മറച്ചു. ആ വാരുണപുരോദ്യാനത്തിലെ പൊന്നുപൂങ്കുല (സൂര്യ്യബിംബം) ഒരു വാടിയ ഇലയുടെ മറവിൽപ്പെട്ടു. അന്നത്തെ സായംസന്ധ്യ വിഷാദാകുലയായി കാണപ്പെട്ടു. അതു പതിവിൻപടി കുങ്കുമപ്പൊട്ടു(സന്ധ്യാരാഗം) തൊടാനും പോയില്ല, തങ്കനീരാളസ്സാരി നിവർത്താനും മുതിർന്നില്ല. നഷ്ടലക്ഷ്മീകം= ലക്ഷ്മി (ശ്രീ; ഐശ്വര്യം) നശിച്ചത്. അന്നത്തെ സന്ധ്യയുടെ വീട്ടിന്റെ പൂമുഖം ഒരു ദുഃഖമാചരിക്കുന്ന പോലെ തോന്നി.

൪. മരണസമയം അടുക്കുമ്പോഴയ്ക്കു്, ഏതു ജ്ഞാനിക്കും തന്റെ പ്രജ്ഞ കെട്ടുപോകുമെന്നു്. അല്ലെങ്കിൽ പകലിനെപ്പോലെയുള്ള ഒരു പ്രകാശശാലിക്കു മരണസമയത്തു തന്റെ വിജ്ഞാനം (രവിബിംബം) നഷ്ടീഭവിക്കുമോ? ഈ വിജ്ഞാനം നഷ്ടപ്പെട്ടതിനാലാണല്ലോ, അതിന്നു (പകലിനു്) തന്റെ പുത്രിയായ സന്ധ്യയെ സമാശ്വസിപ്പിക്കാൻ കഴിയാഞ്ഞത്. സമാശ്വസിപ്പിക്കപ്പെട്ടിരുന്നുവെങ്കിൽ സന്ധ്യ മുകളിൽപ്പറഞ്ഞവിധം വൃഥാ ദുഃഖിക്കുമായിരുന്നില്ലെന്നർത്ഥം.

പകലിന്റെ സന്ധ്യയോടുള്ള സാന്ത്വനവാക്യം ഇതായിരിക്കാം:—

"മൃതിയുടെ ഒരു സ്വപ്നമാണ് ജനനം; നിത്യവും അനന്തവുമായ രാത്രിയാകുന്ന നീരാഴിയിലുണ്ടായ ഒരു വെളുത്ത പതയാണ് ഈ പകൽ! (അതു ക്ഷണികമാണ്

ഈ ജീവിതവും, ഈ പകലും എല്ലാം!) ഇതിന്റെ തിരോഭാവത്തിൽ എന്തിനു ദുഃഖിക്കുന്നു?''

പിതൃദുഃഖം=അച്ഛന്റെ (പകലിന്റെ) മരണത്താലുള്ള ദുഃഖം. ചെന്താർമൈ—സന്ധ്യയുടെ വൎണ്ണം പാടലമാണല്ലോ.

VI

പാട്ടുക, പാട്ടുക

൧൧൧൧ കന്നിയിൽ എഴുതിയതു്:—

൧. കീചകം=ഉമ്പിയുള്ള മുള. കാററൂതുമ്പോൾ ഇത്തരം മുള നിരന്തരമായി മൂളിക്കൊണ്ടിരിയ്ക്കുമല്ലോ—ഇതിനെ പാട്ടായി കല്പിച്ചിരിയ്ക്കുന്നു. പച്ചയാമിച....നീ—മുളയുടെ പൊക്കം ധ്വനിയ്ക്കുന്നു. വേലിയാം....കോണിതിൽ=മൂക്കിൽ നില്ക്കുന്ന മുളവേലിയാൽ ചുററപ്പെട്ടതിനെ ബാലാശ്ലേഷമായി കല്പിച്ചിരിയ്ക്കുന്നു. ശാരുത്മതോപലം=ഇന്ദ്രനീലക്കല്ലു്. പാട്ടുപാട്ടുക.,..യിജ്ജനം—ഈയുള്ളവനെ ആനന്ദനിർവൃതികൊള്ളിയ്ക്കുമാറു നീ നിത്താതെ പാടിയാലും!

൨. സൃഷ്ടി....പശ്യിതാ—കഥകളിവേഷത്തിന്നു് അരിമാവുകൊണ്ടു മുഖത്തു ചുട്ടികുത്താറുണ്ടല്ലോ. അതുപോലെ പശ്യിന്റെ നെററിമേൽ സൃഷ്ടിതന്നെ അതിന്റെ അരിമാവുകൊണ്ടു് ഒരു ചുട്ടി (വെളുത്ത നിറത്തിൽ ഒരു ഗോപിയടയാളം) കുത്തിയിരിയ്ക്കുന്നു. വായിൽനിന്നു പകുതി.....കുഴലൂത്തു കേൾക്കുവാൻ—എന്ന നാലു വരികളാൽ, പാട്ടു കേൾക്കാനായി നില്ക്കുന്ന പശ്യിന്റെ ദത്താവധാനതയെ വ്യഞ്ജിപ്പിയ്ക്കുന്നു. ആ കീചകത്തിൽനിന്നു പുറപ്പെട്ടിരുന്ന ഗാനം അത്രമേൽ ഹൃദയഹാരിയായിരുന്നുവെന്നു താല്പര്യം. ഉച്ചലിച്ച=പുറപ്പെട്ട. ഉദ്ഗതോം.....ദ്രവം=വെളിയിൽ പുറപ്പെട്ടന്ന ഓംകാര(പ്രണവ)മാകുന്ന പുഷ്പത്തിന്റെ തേൻ.

പണ്ടു പാവനമായ വൃന്ദാവനത്തിൽനിന്നു ലോകത്തെ എമ്പാടും നിർവൃതിപുളകിതമാക്കുമാറു പ്രവഹിച്ച കൊണ്ടൽവർണ്ണന്റെ വേണുഗാനം—പ്രണവപുഷ്പത്തിന്റെ മാധുര്യമാലുന്ന മധുദ്രവം—ജീവജാലങ്ങളെയെല്ലാം സാർവ്വലൌകികപ്രേമത്തിന്റെ ആലിംഗനത്തിലേയ്ക്കു ഹഠാദാകർഷിയ്ക്കുമാറുള്ള ആ സംഗീതസന്ദേശം—സംപൂർണ്ണമായ സംതൃപ്തി കൈവരുംവണ്ണം നുകർന്നിരുന്നവരാണു് ഈ ദേവിയുടെ—പശുവിന്റെ—മുത്തമുത്തശ്ശിമാർ പലരും! ആ വംശപാരമ്പര്യമുള്ള ഈ പശു് ആ അബോധസംസ്കാരത്താൽ ആ ഗാനത്തെ മോഹിച്ചായിരിയ്ക്കാം, നിന്റെ ഈ ഗാനത്തിന്നു് ഇതാ, സശ്രദ്ധം ചെവികൊടുത്തു നിൽക്കുന്നു. ദേവി എന്ന പദം ബഹുമാനസൂചകം. പൈക്കളെ ആരാധിക്കുന്നവരാണു് ഹിന്ദുക്കൾ. വേണുഗാനത്തെ ഓംകാരപുഷ്പത്തിന്റെ മധുവായും, ഉത്തമപ്രേമസംഗീതസന്ദേശമായും അധ്യവസായം ചെയ്തിരിയ്ക്കുന്നു.

൨. അർത്ഥചിന്ത നിൽക്കട്ടെ—ആളുകൾ ആക്ഷേപം പുറപ്പെടുവിച്ചേയ്ക്കാം! "നിരർത്ഥകമായ ഈ ഗാനം കേട്ടിട്ടെന്താണു് കാര്യം" കവിയുടെ സമാധാനമിതാണു്: ഈ ഗീതത്തിന്റെ ശബ്ദമാധുര്യംകൊണ്ടുതന്നെ മനംകുളിർത്തു് അടുത്തുനിൽക്കുന്ന വംശലത (മുളവള്ളി) ഇതാ, പ്രിയതമ കണക്കെ തന്റെ തല മുളയുടെ മാറിലണയ്ക്കുന്നു. ഇതിൽപ്പരമെന്തു വേണം ഗാനത്തിന്റെ മാധുര്യം വെളിപ്പെടാൻ? പാർശ്വസംസ്ഥ = അടുത്തുനിൽക്കുന്നവൾ. സ്ത്രീലിംഗശബ്ദപ്രയോഗം സ്ത്രീത്വത്തെ ദ്യോതിപ്പിയ്ക്കുന്നു. പറയത്തക്ക ആശയഗുണം കൂടാതെ, ശബ്ദങ്ങളുടെ ചെപ്പടിവിദ്യ മാത്രമുള്ള കാവ്യങ്ങളെക്കുറിച്ചുള്ള പരിഹാസം

ധ്വനിയ്ക്കുന്നു. ഇത്തരം കാവ്യങ്ങൾ കൊണ്ടാടപ്പെടാതെ പോകുമല്ലോ എന്നു വിഷാദിയ്ക്കേണ്ടതുമില്ല: അവയെ ഉപചരിയ്ക്കാനായി തുമ്പകൾ വെള്ളിനേരൊളി (വെള്ളിനിറത്തിലുള്ള)പ്പൂക്കളാകുന്ന വെളുത്ത അരിയുമേന്തി നില്ക്കുന്നുണ്ട്. മുക്കുറ്റികളാകട്ടെ, അങ്ങേയ്ക്കു നീരാജന(ഉഴിച്ചിൽ)കൃത്യവും ചെയ്യുന്നുണ്ട്. (അഷ്ടമംഗല്യത്തോടുകൂടിയ എതിരേല്പിനെ അനുസ്മരിയ്ക്കുക). മുക്കുറ്റിയുടെ നീണ്ട തണ്ടിന്മേലുള്ള പൂവിന്നു കത്തിച്ച തിരിയുടെ സാമ്യമുണ്ടല്ലോ. ഹന്ത .... സൌഭാഗ്യം— മുള കാററത്തു നിന്നാടുന്നതു കണ്ടാൽ, മററുള്ളവർ തന്നെ ശ്ലാഘിയ്ക്കുന്നുണ്ടെന്നറിഞ്ഞതിലുള്ള സന്തോഷമാണ് അങ്ങിനെ തലയാട്ടാൻ അതിനെ പ്രേരിപ്പിയ്ക്കുന്നതെന്നു തോന്നും.

൭. വൈണകൻ = ഓടക്കുഴൽ വിളിയ്ക്കുന്നവൻ. കവി ഒരു യാഥാർത്ഥ്യം തുറന്നു പറയാൻ കീചകത്തോടു തഞ്ചത്തിൽ സൌഹാർദ്ദം കൊള്ളുന്നു. സഖേ, എന്ന സംബോധന സൌഹാർദ്ദസൂചകം. കാര്യം വാസ്തവമാണെങ്കിലും, അതു രുഷിപ്പിയ്ക്കുന്ന ഒന്നാവുമ്പോൾ, പറയുന്നതിന്നു ചില തഞ്ചങ്ങളുണ്ടല്ലോ. ഇജ്ജയശ്രീ .... ഹ്ലാദം = ഈ ജയശ്രീയുടെ ആശ്ലേഷത്തിൽനിന്നുളവായ ആഹ്ലാദം; തന്റെ പാട്ടിനെ വംശലതയും മററും അഭിനന്ദിച്ചതു തന്നെ വിജയം. ഉജ്ജ്വലാഹന്തൻ = കത്തുന്ന (എരിയുന്ന) അഹംഭാവത്തോടുകൂടിയവൻ. സംഗഹീനൻ— കാററ് എന്നു സാരം. ഇതങ്ങയെ വലിയ അഹംഭാവിയാക്കരുത്; കാരണം ഈ ഗാനത്തിന്റെ ഉടമസ്ഥൻ വാസ്തവത്തിൽ ആ (കണ്ണുകൊണ്ടു കാണാവതല്ലാത്ത) കാററാണല്ലോ. അപ്പോൾ, സ്വന്തം പരിശ്രമമോ വൈ

ദൌർബല്യമോ ഇതിൽ അത്രയൊന്നുമില്ലെന്നൎത്ഥം. അതിനാൽ സ്വന്തം പരിശ്രമവും വിവേചനബുദ്ധിയും ഉപയോഗിച്ച് ഇതിനെ കൂടുതൽ അൎത്ഥഗൌരവവും പ്രയോജനകരത്വവും ഉള്ളതാക്കിത്തീൎക്കാൻ ശ്രമിക്കണമെന്നു വ്യംഗ്യഭംഗ്യാ പറയുന്നു. ആ താക്കീതോടുകൂടി വീണ്ടും അതിനെ പ്രോത്സാഹിപ്പിക്കാനാണ്, ഒടുവിലത്തെ 'പാട്ടു പാടുക' എന്ന ഈരടിയുടെ ആവൎത്തനം.

VII

മിന്നുന്നതൊക്കെപ്പൊന്നല്ല

൧൧൦൭ മേടത്തിൽ എഴുതിയതു്:—

൧. ആകാശത്തുനിന്നു് ഒരു നക്ഷത്രം വീഴുന്നതു കണ്ടിട്ടു്: നാകവീഥി=നഭോമാർഗ്ഗം. അമരകിടാങ്ങൾ=ദേവന്മാരുടെ പൈതങ്ങൾ. നക്ഷത്രം വീഴുന്നതിനെ, ഏതോ ഒരു ദേവബാലൻ കാൽകൊണ്ടു തട്ടിയ പൊന്നിൻപന്തായി ഉൽപ്രേക്ഷിച്ചിരിക്കുന്നു അഥവാ, പശ്ചിമാബ്ധി(=പശ്ചിമസമുദ്രത്തിൽ)യിൽ ആണ്ടുപോയ സൂര്യനോടുകൂടിച്ചേരാൻ പരമൌത്സുക്യത്തോടെ വെമ്പിപ്പോകുന്ന തദ്രശ്മി(അവന്റെ രശ്മി)കളിലൊന്നായിരിക്കുമോ?— അങ്ങിനെയാണെങ്കിൽ അതു വേഗം പൊയ്ക്കൊള്ളട്ടെ: ത്ത്രേപ്രേമത്തിന്റെ വഴിയിൽ യാതൊരു പ്രതിബന്ധവും വിലങ്ങടിച്ചു നില്ക്കാതിരിക്കട്ടെ.

൨. ഒട്ടേറെത്തെളിഞ്ഞും—എണ്ണമററ നക്ഷത്രങ്ങൾ. ആർ എന്നോ നിരത്തിയ—ആരാണു്, എപ്പോഴാണു് നിരത്തിയതു് എന്നതജ്ഞാതമാണെന്നർത്ഥം. മാറാലവലയ്ക്കൊപ്പം—ആകാശമാകുന്ന വിരിപ്പു് അത്രയും നേരിയതല്ലെങ്കിൽ, അതിന്മേൽ നിരത്തിയ രത്നങ്ങളെ ഭൂവാസികൾ കാണുകയില്ലല്ലോ. നിഷ്കമ്പം=യാതൊരു ചാഞ്ചല്യവും കൂടാതെ. രത്നഹാരികൾ=രത്നങ്ങ(ശ്രേഷ്ഠപദാർത്ഥങ്ങ)ളെ കയ്യടക്കുന്നവർ. അങ്ങിനെ ആകാശത്തുനിന്നു നക്ഷത്രങ്ങൾ വീഴുന്നുണ്ടെന്നു കണ്ടാൽ ആ രത്നങ്ങളെ കയ്യിലാക്കാൻ അനങ്ങാതെ മേല്പോട്ടു നോക്കിനില്ക്കുന്ന ചില രത്നഹാരികളുണ്ടു് ഈ ഭൂമിയിൽ. കാര

ണം: ആ വിശ്വാ . . . . വിഭവത്താൽ?—ലോകത്തെ മുഴുവൻതന്നെ വിഴുങ്ങാൻ നോക്കുന്ന ആ ധനക്കൊതിയന്മാരുടെ വിശപ്പിന്ന് (ദുരക്ക്) ഈ വസുധ (=ഭൂമി)യിലെ നിസ്സാരവിഭവങ്ങളുണ്ടോ മതിയാവുന്നു? വിശ്വം വിഴുങ്ങികൾ—ലോകം മുഴുവൻ തങ്ങളുടെ മുതൽക്കൂട്ടിലാക്കാൻ വെമ്പുന്നവർ—ഇന്നത്തെ മുതലാളിത്തത്തെ സ്മരിക്കുക. മേൽവശ . . . . നോട്ടം—അക്കൂട്ടർ ഈ ഭൂമിയെയൊക്കെ കയ്യടക്കിയിട്ടു മതിവരായ്കയാൽ മേല്പോട്ടു നോക്കാൻ തുടങ്ങിയിരിക്കുന്നു. അതിനാൽ ഹേ ദ്യോവേ(=ആകാശമേ), നീ നിന്റെ സമ്പത്തെല്ലാം നല്ലവണ്ണം സൂക്ഷിച്ചുകൊൾക; ഇല്ലെങ്കിൽ ഇക്കൂട്ടർ തട്ടിക്കൊണ്ടുപോയ്ക്കളയും എന്നു താക്കീതുചെയ്യുന്നു. ചിലർ ഭൂമിയിലെ വിഭവങ്ങളെല്ലാം അനാവശ്യമായി കയ്യടക്കിവെച്ചിരിക്കുന്ന സമ്പ്രദായത്തെക്കുറിച്ചുള്ള പരിഹാസം വ്യഞ്ജിക്കുന്നു.

൯. രാതോറും—ഓരോ രാത്രിയിലും. ത്വദ്ദൈന്യവും—നിന്റെ നേർക്കുള്ള നോട്ടം. പ്രശാന്തങ്ങളായ രാത്രികളിൽ നിന്റെ നേരെ നോക്കി പുഞ്ചിരിക്കൊള്ളുന്ന (വികസിക്കുന്ന) ഒരു നൈതൽപ്പൂവിൽ നിന്റെ മനസ്സു പററിച്ചേന്നിട്ടുണ്ടാകാം. ആ ധന്യയെ ഉല്ലസിപ്പിക്കാനായിരിക്കാം—തന്റെ പേരിൽ ഇത്രയും പ്രേമം പ്രകടിപ്പിച്ച അവളെ ലാളിക്കണമല്ലോ—നീ ഈ ഭൂമിയിലേയ്ക്കോടിപ്പോരുന്നത്. നൈതൽപ്പൂവിനെ കാമുകിയാക്കിയും നക്ഷത്രത്തെ കാമുകനാക്കിയും കല്പിച്ചിരിക്കുന്നു. നൈതൽപ്പൂവിനെ ധന്യ എന്നു വിശേഷിപ്പിച്ചതുകൊണ്ട് ഉന്നതസ്ഥാനസ്ഥനായ നക്ഷത്രമാകുന്ന പുരുഷനിൽ അവൾക്ക് അനുരാഗമുണ്ടായതിന്റെ ഔചിത്യം ധ്വനിക്കുന്നു.

൯. ദേവാധ്വാവ്=ആകാശം. താരങ്ങളറിഞ്ഞീലേ .... ദേവാധ്വാവിൽ—അങ്ങിനെ കൂട്ടത്തിലൊന്നിന്റെ നാശം അറിഞ്ഞിരുന്നെങ്കിൽ അവ അനങ്ങാതെ നില്ക്കുമോ? സ്ഥാനഭ്രംശംവന്ന് അധോഗതിയ്ക്കു വിധേയനായ ഈ നിർഭാഗ്യനെ തുണയ്ക്കാൻ ഒരാളും ഹസ്തം നീട്ടിയില്ല. ഇങ്ങിനെയാണ് ലോകം: പതിതൻ ..... ഔന്നത്യമേ—പതിതൻ അധഃപതിച്ചുകൊള്ളട്ടെ. കാരണം, ചുവട്ടിൽച്ചിലരുണ്ടായില്ലെങ്കിൽപ്പിന്നെ മുകളിലിരുന്നു ഞെളിയാൻ ചിലർക്കു കഴിയില്ലല്ലോ. പക്ഷേ ഒരു വസ്തുത ഇവരാരും മനസ്സിലാക്കുന്നതായിത്തോന്നുന്നില്ല. അഥവാ....നിലനില്പും കാലത്തിന്നു വിധേയമാണ്.

"കാലമതിന്റെ കനത്ത കരംകൊണ്ടു
ലീലയാലൊന്നു പിടിച്ചു കുലുക്കിയാൽ
പാടേ പതറിക്കൊഴിഞ്ഞുപോം ബ്രഹ്മാണ്ഡ-
പാദപപ്പൂക്കളാം താരങ്ങൾകൂടിയും!"

കവിയുടെ 'ഇന്ദ്രനും മാബലിയും' എന്നതിലെ ഈ നാലു വരികൾ നോക്കുക.

അവശ...... കിട്ടും—തങ്ങൾതന്നെ അവശരായ സ്ഥിതിയ്ക്ക്—അസ്വാതന്ത്ര്യരായിരിയ്ക്കെ—മററുള്ള അവശരെ എങ്ങിനെ സഹായിയ്ക്കും?

൰. തേജഃഖണ്ഡം ...... തോന്നി — നക്ഷത്രത്തിന്റെ പൊന്നൊളിയ്ക്കും ചമ്പകപ്പൂവിന്റെ വർണ്ണത്തിന്നും തമ്മിൽ സാമ്യമുണ്ടല്ലോ. ദീപ്രം = കണ്ണഞ്ചിയ്ക്കുന്ന പ്രഭയോടുകൂടിയത്. മേദുരം=തടിച്ചത് (വലിയത്). ഉന്നതസ്ഥാനഭ്രംശഖേദേന = ഉന്നതസ്ഥാനത്തുനിന്നു ഭ്രംശിച്ചതിലുള്ള ഖേദംമൂലം. ഖദ്യോതശ്രേണി=മിന്നാമിനുങ്ങിൻ

032:1M78:53
[H4]

ക്കൂട്ടം. ഒക്കുന്ന=അനുരൂപനായ. ഉയൎന്ന നിലയിലായിരുന്നുവല്ലോ, ഈ ജ്യോതിസ്സ്. അതിതാ, പെട്ടെന്നു മിന്നാമിനുങ്ങുകളുടെ ഇടയിലേയ്ക്കു് അധഃപതിച്ചു!

൩. ഉദ്ഗതിപ്രയത്നം=മേല്പോട്ടു പോകാനുള്ള പരിശ്രമം. മാനുഷ....താങ്കൾ—ഹേ മനുഷ്യ, മേല്പോട്ടു മേല്പോട്ടു പോകാനുള്ള നിന്റെ പ്രയത്നം മതിയാക്കുക. കാരണം, ആകാശത്തിൽ മേന്മയോടെ മിന്നിത്തിളങ്ങിയിരുന്ന നക്ഷത്രക്കൂട്ടവും ഈ ഭൂമിയിലെ മിന്നാമിനുങ്ങിൻകൂട്ടത്തിലേയ്ക്കു് അധഃപതിച്ചുപോകുമെന്നു താങ്കൾ കണ്ടുവല്ലോ! മിന്നാമിനുങ്ങായിട്ടല്ലെങ്കിൽ തീ കെട്ടടങ്ങിയ ഒരു കരിക്കട്ടയായിട്ടാണു് ആ നക്ഷത്രം ഭൂമിയിൽ പതിച്ചതെന്നും വരാം. ഹന്ത—നക്ഷത്രത്തിന്റെ സ്ഥാനഭ്രംശത്തിലുള്ള വിഷാദം വ്യഞ്ജിക്കുന്നു. അങ്ങിനെയാണെങ്കിൽ (കരിക്കട്ടയായിട്ടാണു് പതിക്കുന്നതെങ്കിൽ) ഈ ലോകത്തിന്റെ ക്രിയാദാക്ഷ്യം(കൎമ്മവൈദഗ്ദ്ധ്യം)കൊണ്ടു വൈരക്കല്ലായിത്തീൎന്നു് ഇളാതാര(ഭൂമിയിലെ നക്ഷത്ര)മെന്ന പ്രസിദ്ധിനേടാം. ശില്പകൌശലം കരിക്കട്ടയെ വൈരക്കല്ലാക്കിത്തീൎക്കുന്നു. വൈരക്കല്ലിന്നും നക്ഷത്രത്തിന്നും പ്രഭാസാമ്യമുണ്ടല്ലോ. അതിരിക്കട്ടെ—കരിക്കട്ടയായി അധഃപതിച്ച നക്ഷത്രത്തിന്നു വൈരക്കല്ലായിത്തീരാമെന്ന കാൎയ്യം പോകട്ടെ. വാനത്തി....കേൾപ്പൂ—രാത്രിയിൽ ആകാശത്തു കമ്രദ്യുതിയായി (മനോഹരപ്രഭയോടുകൂടി) കാണുന്ന ഓരോ കാഞ്ചനത്തുട്ടും—നക്ഷത്രവും—കാരിരിമ്പിൻ കഷ്ണമല്ലെന്നു് ഈ ഭൂമിയിൽ ആൎക്കാണറിയാത്തതു്? എന്നല്ല, മിന്നുന്നതെല്ലാം പൊന്നല്ലെന്നു് ഒരു ചൊല്ലുമുണ്ടല്ലോ.

UNIVERSITY LIBRARY
27 DEC

VIII

ബുഭുക്ഷ

൧൧൦൯ മീനത്തിൽ എഴുതിയതു്.

൧. അന്യൂനവാസന്തച്ചൂട് = കുറച്ചല്ലാത്ത (വർദ്ധിച്ച) വസന്തകാലച്ചൂട്. സ്വതേ ഉയരം കുറഞ്ഞ ഒട്ടുമാവിന്റെ താഴത്തെക്കൊമ്പുകളിൽ തൂങ്ങിനില്ക്കുന്ന ചെന്തളിരുകളെ നാവുകളായി അധ്യവസായം ചെയ്തിരിക്കുന്നു. ആസ്വദിക്കുക = നുകരുക; ദാഹംതീർപ്പാൻ വെള്ളം കുടിക്കുക. ശുകാഭം = തത്ത(പച്ച)നിറത്തിലുള്ളതു്. പത്രൌഘം = ഇലകളുടെ കൂട്ടം. ചൂതം = മാവു്. പാടലപല്ലവൌഘം = ചെന്തളിർക്കൂട്ടം. നേർക്കു് = ശരിക്കു്. വെള്ളിയട = മറശ്ശീല. മുകളിൽ തത്തനിറത്തിലുള്ള പത്രൌഘത്താലാവൃതമായും, താഴത്തു ചെന്തളിർക്കൂട്ടത്താൽ ആച്ഛാദിതമായുമുള്ള ആ ഒട്ടുമാവിന്നു് ഇറയത്തു ചുകന്ന മറശ്ശീല തൂക്കിയ ഒരു പച്ചപ്പൂമേടയുടെ ഛായയുണ്ടു്.

൨. സുന്ദരച്ചെംകുരുന്നാട = ഭംഗിയുള്ള ചെന്തളിർവസ്ത്രം. മാകന്ദവൃന്ദപ്രിയങ്ങൾ = തേന്മാവിൻകൂട്ടങ്ങളിൽ പ്രിയമുള്ളവ. ചെന്തളിരുകളാലാച്ഛാദിതമായ മാവു കണ്ടാൽ വസന്തത്താൽ ചെംകുരുന്നാടയുടുപ്പിക്കപ്പെട്ടതാണെന്നു തോന്നും. പക്ഷേ, അദ്ഭുതമെന്നേ വേണ്ടൂ, മാന്തളിർക്കൊതിയന്മാരായ കുയിലുകൾ ഇതറിഞ്ഞില്ലെന്നോ! വൃത്ഥമിസ്സംപത്ത്—ഈ സംപത്തു വെറുതെതന്നെ; കാരണം, ഇതനുഭവിക്കേണ്ടതാരോ, ആ ആൺകുയിൽ ചെന്തളിർ കൊത്തിത്തിന്നുന്നതോ പഞ്ചമരാഗാലാപം ചെയ്യുന്നതോ, കാണാനുമില്ല, കേൾക്കാനുമില്ല. സംപത്ത് അനു

ഭേവിസ്ഥാനാർഹതയുള്ളവരാൽ ശരിക്കു് ഉപഭോഗിക്കപ്പെട
ന്നില്ലെങ്കിൽ, മറെറന്തു വേണം അതു വ്യർത്ഥമാവാൻ? അ
ഥവാ, മറെറാന്നാവാം ഇതിന്റെ അർത്ഥം: "നാട്ടിലെ
ല്ലായിടത്തും പലതരം തീക്ഷ്ണങ്ങളായ അപശബ്ദങ്ങൾ
ഏറിയേറിവരുന്നു; അതിനാൽ നാമൊക്കെ ഇനി മൌ
നം ഭജിക്കുകയാണ് ഭേദം," എന്നിങ്ങിനെ വിചാരി
ക്കാം, കോമളകണ്ഠരായ കോകിലങ്ങൾ!—കലാശില്പവും
മാധുര്യവുമില്ലാത്ത പദ്യകാവ്യങ്ങളുടെയും സംഗീതത്തി
ന്റെയും പ്രചാരത്തെ വ്യഞ്ജിപ്പിക്കുന്നു.

൩. ഇരിക്കട്ടെ. കുയിലിന്നു നിന്റെ ഫലത്തിൽ ആ
സ്വാദ്യമല്ലെന്നു തോന്നിയിട്ടുണ്ടാവാം. എന്നാൽ കുയി
ലിനെപ്പോലെതന്നെ കറുത്ത ഒരാട് ഇതാ, വിശന്നുത
ളന്നു നിന്റെ സമീപത്തേക്കു വരുന്നു. മണ്ടിവരുമിതിൻ.
. . . . ജപിക്കുകയായിരിക്കാം — ആടിന്റെ ചുണ്ട്
ഇളകുന്നതു കണ്ടാൽ വിശപ്പാകുന്ന പിശാചിനെ ഓടി
ക്കാൻ മന്ത്രം ജപിക്കുകയാണെന്നു തോന്നും; ആടിന്റെ
ചുണ്ട് എല്ലായ്പ്പോഴും ചലിച്ചുകൊണ്ടിരിക്കുമല്ലോ. ഹ
ന്ത—വിശപ്പു മാററാൻ മററു വഴിയില്ലാതെ പോയല്ലോ
എന്നു വിഷാദം. ആടിന—കാററത്തു ചലിച്ചുകൊണ്ടി
രുന്നു. ചൂതത്തിൻ . . . . പോലെ — അനുകമ്പ തോന്നു
കയാൽ മാവിന്റെ കൊമ്പ് ആ സാധുജീവിയുടെ
വായിൽ സ്വാദു(രുചികരം)വായ പ്രവാളത്തെ (തളിരി
നെ) വെച്ചുകൊടുത്തു; അമ്മ അകംനിറഞ്ഞ വാത്സല്യ
ത്തോടെ തന്റെ കുട്ടിയുടെ വായിൽ പലഹാരം വെച്ചു
കൊടുക്കുന്നതുപോലെ.

൪. ശ്യാമപത്രാഭ്രം=പച്ചിലക്കൂട്ടമാകുന്ന ആകാശം. ആ
കാശച്ഛായയിലെ അന്തിച്ചുകപ്പിനെ രാവിന്റെ മുഖം

(നിശാരംഭം) എങ്ങിനെയോ, അങ്ങിനെ ആ തളിരിനെയൊക്കെ ഈ കറുത്ത ആടിൻെറ മുഖം ക്രമേണ വിഴുങ്ങി.

൬. പിന്നെയും . . . . .നിവൎന്നുനിന്നാൽ—ആടിന്ന് അതു തിന്നിട്ടു തൃപ്തിവന്നില്ല. ഒളങ്ങൾ=ഇലകൾ. ഉപരിസ്ഥം-മുകളിലുള്ളത്. ഭൂയിഷ്ഠഭുക്ത്യേകസക്തി=ഭൂയിഷ്ഠമായ (വൎദ്ധിച്ച) ഭുക്തിയൊന്നിലുള്ള സക്തി. തീററക്കൊതിയിൽ തങ്ങളിരുവരും തുല്യരാണെന്ന—താൻ വിശേഷബുദ്ധിയുള്ള മനുഷ്യനാണെന്നഭിമാനിക്കുന്നുണ്ടെങ്കിലും, ബുദ്ധിയില്ലാത്ത ഈ മൃഗത്തേക്കാൾ തനിക്കു യാതൊരു മേന്മയുമില്ലെന്ന്—കവി സ്വയം പഴിക്കുന്നു. തൻെറ പിടിയിൽക്കിട്ടാൻ ഞെരുക്കമുള്ള ഈ ഇലകൾ തിന്നാൻ ആടു മേല്പോട്ടു പാടുപെടുന്നതുപോലെതന്നെ, മനുഷ്യൻ തനിക്കു പിടിച്ചാൽക്കിട്ടാത്ത എത്രയെത്ര സുഖോപഭോഗങ്ങളുടെ നേൎക്കു ചാടിനോക്കുന്നു! എന്തു . . . . എന്നിരിക്കിൽ—നീ വിശന്നുവലഞ്ഞിട്ടാണ് ഇങ്ങിനെ പാടുപെടുന്നതെന്നുള്ളതു ശരിതന്നെ. എന്നാൽ ഇങ്ങിനെ സ്വന്തം വിശപ്പിനെ ഒട്ടൊട്ടു ശമിപ്പിച്ചുപോരുന്ന നിന്നെ തിന്നാനായി ഒരു ചെന്നായ തക്കം പാൎത്തിരിക്കയാണെങ്കിലോ!—എതായാലും ആ ദുൎദ്ദശ നിനക്കു വരാതിരിക്കട്ടെ. കഷ്ടം, ലോകത്തിലുള്ള ഓരോ ജീവിയും മററൊരു ജീവിയെ തിന്നുവാൻ നോക്കുന്നതായിട്ടാണല്ലോ കാണുന്നത്. എന്നാൽ ആടിനെസ്സംബന്ധിച്ചിടത്തോളം ആ സാധുജീവി ചെന്നായയുടെ സാന്നിധ്യത്തെ അറിഞ്ഞു എന്നു വരാം; നേരെ മറിച്ച്, മനീഷിയായ—വിശേഷബുദ്ധിയുള്ള—എന്തും വകതിരിച്ചറിയാൻ ബുദ്ധിയുണ്ടെന്നഭിമാനിക്കുന്ന—മനുഷ്യനാകട്ടെ എക്കാലത്തും ശമിക്കാത്ത തൻെറ ബുഭുക്ഷ (ഭോഗാസക്തി

മുഖം നിഷ്ഠുരദംഷ്ട്രകൾകൊണ്ടു ഭയംകരമുഖത്തോടുകൂടിയ മൃത്യുവിന്റെ സന്തതസാന്നിധ്യത്തെ—മരണം എല്ലായ്പോഴും നമ്മുടെ പിന്നിൽ പതിയിരിക്കുന്നുണ്ടെന്നുള്ള വസ്തുതയെ—കണ്ടറിയില്ല. മനീഷി—പരിഹാസസൂചകം.

DEPARTMENTAL LIBRARIES
-7 JAN 1946
UNIVERSITY OF MADRAS.

UNIVERSITY LIBRARY.
27 DEC 1945
MADRAS.

IX

ശാപമോക്ഷം

൧൧൧൧ മിഥുനത്തിൽ, ആ ആണ്ടിലെ "മാതൃഭൂമി" വിശേഷാൽപ്രതിയുടെ മുഖചിത്രത്തെപ്പററി എഴുതിയ ഒരു കവിതയാണിതു്.

---

൧. നിതംബം = കടിപ്രദേശം.

൨. ഏത....ഹ്ലാദാൽ—ഈ യോജിപ്പു കണ്ടതുകൊണ്ടുണ്ടായ ആനന്ദത്താൽ. പ്രേമനമ്രകൾ = സ്നേഹത്താൽ കുനിഞ്ഞവർ. വെൺപൊയ്ത്താർകൾ = വെളുത്ത താമരപ്പൂക്കൾ. പക്ഷികളുടെ പാട്ടും പ്രഭാതത്തിലുണ്ടാകുമല്ലോ. കുരുമ്പിയാം....ധീരേ!— ഹേ ധീരനാരി, ഈ കുഞ്ഞിനെ വാരിയെടുത്തു നിൻെറ വക്ഷസ്സിൽ പുണർന്നാൽ ഇവൾ തീർച്ചയായും നിൻെറ മാറിനു് അനാചാരത്തോടു പോരാടാനുള്ള ഒരിരിമ്പു കവചമായിത്തീരും. ഉൾക്കനം = ധൈര്യം. മനസ്വിനി = ദയാശീല. അതിവിഹ്വല = ഏററവും പരവശമായ. തമ്പ്രാട്ടിയുടെ വാത്സല്യപ്രഭയിൽ ഏററവും പാരവശ്യമുള്ള ചെറുമിത്തള്ളയുടെ മിഴികൾ മഞ്ഞളിപ്പായി! ക്ഷേത്രദ്വാരം = ഗോപുരം. സിതാസിതയോഗം = വെളുപ്പിൻെറയും കറുപ്പിൻെറയും ചേർച്ച. ഗംഗാ.......സമാഗമം—ഗംഗയുടെയും കാളിന്ദിയുടെയും കൂടിച്ചേരൽ. ഗംഗയിലെ വെളുത്തതും യമുനയിലെ വെള്ളം കറുത്തതുമാണെന്നു പ്രസിദ്ധം. ഈ രണ്ടു സ്ഥലവും കൂടിച്ചേരുന്ന സ്ഥലം പ്രയാഗത്തിൽ സ്നാനം ചെയ്താൽ പാപമൊക്കെ നശിക്കും എന്നാണു് ഹിന്ദുക്കളുടെ വിശ്വാസം. പങ്കം = പാപം;

ചളിയെന്നും. കുവലയച്ചെണ്ട് = കരിങ്കുവളപ്പൂച്ചെണ്ട. അദ്വൈതക്ഷേത്രം=കേരളം. അദ്വൈതാചാര്യനായ ശങ്കരാചാര്യസ്വാമികൾ ജനിച്ച നാടായതുകൊണ്ട കേരളത്തിന്ന് ഈ പേർ സിദ്ധിച്ചു. സുഗന്ധാഹുതിധൂമം = സുഗന്ധമുള്ള ഹോമത്തിന്റെ പുക. ക്ഷേത്രത്തിൻമുകളിൽ പൊങ്ങിക്കാണാറായ ഹോമത്തിന്റെ പുകയെ ക്ഷേത്രത്തിന്റെ ആശ്വാസനിശ്വാസമായികല്പിച്ചിരിക്കുന്നു.

X

ഏകകുടുംബം ഭുവനം

തൃത്താലയിൽ അഗ്നിഹോത്രി എന്ന പേരിൽ ആരംഭിച്ച ഒരു വായനശാലയ്ക്കുവേണ്ടി എഴുതിയവയാണീ ശ്ലോകങ്ങൾ. ൧൧൦൦ മീനത്തിൽ എഴുതിയത്:—

മേഴത്തോൾ അഗ്നിഹോത്രി എന്ന വൈദികപ്രമുഖൻ പാണ്ഡിത്യംകൊണ്ടും മററും കേരളത്തിൽ സുപ്രസിദ്ധനത്രേ.

൧. വെട്ടത്തരച . . . . . , . പുരത്തറയും—വെട്ടത്തരചന്മാരുടെ ഐശ്വര്യസമൃദ്ധമായ കൊട്ടാരം വെറും തെങ്ങിൻപറമ്പായി മാറി; കേരളസാഹിത്യാചാര്യനായ തുഞ്ചത്തു ഗുരുപാദരുടെ പുരത്തറയാകട്ടെ, ഒരുന്നു കൊട്ടക്കാനാളില്ലാതെ നിലംപൊത്തി. മഹാന്മാരുടെ ഗൃഹാവശിഷ്ടാദികളെപ്പോലും കേരളീയർ സംരക്ഷിക്കുന്നില്ല!

൨. ചങ്ങംപള്ളിക്കുരുക്കൾ—സുപ്രസിദ്ധനായ ഒരു കളരിയഭ്യാസി. ബാലിദ്യോതിഷ്ക്കൻ—കഥകളിയിൽ ബാലിവേഷത്തിൽ നിസ്തുല്യനായിരുന്നതിനാൽ ഈ പേർ സിദ്ധിച്ചു. ഇദ്ദേഹത്തെപ്പററി പല കഥകളുമുണ്ട്. ഇദ്ദേഹം വെട്ടത്തുരാജശിഷ്യപരമ്പരയിൽപ്പെട്ട ആളത്രേ: കിഷ്കിന്ധാഗുഹയിൽത്താൻ— കിഷ്കിന്ധാഗുഹയാണല്ലോ സാക്ഷാൽ ബാലിയുടെ വാസസ്ഥാനം. ബാലിദ്യോതിഷ്ക്കൻ ഗുഹ (വിസ്മൃതി)യിൽ മറഞ്ഞുപോയി.

൩. വിബോധജ്യോതിർന്നിധി—വിജ്ഞാനതേജസ്സിന്റെ ഇരിപ്പിടം. കേരളത്തിലെ അജ്ഞാനാന്ധകാരത്തെ അകററാൻ പ്രധാനമായി സഹായിച്ച ഒരാളാണല്ലോ പാ

ക്കനാർ. കേരള ...... സ്മരണം—ഇത്രയേറെ മഹാന്മാരുടെ മഹനീയപാരമ്പര്യവും പൈതൃകവുമുള്ള കേരളം അവരുടെ സ്മരണക്കായി യാതൊന്നും പ്രവർത്തിച്ചില്ലല്ലോ എന്നു വിഷാദവും പരിഹാസവും. സ്മർപൂർവ്വികസ്മരണം=സ്മരിക്കപ്പെടേണ്ട പൂർവ്വികന്മാരെ സ്മരിക്കാൻ, ബഹുക്ഷേമം!—പരിഹാസം ധ്വനിക്കുന്നു.

൮. ഇങ്ങിനെ വിസ്മൃതകോടിയിൽപ്പെട്ട മഹാന്മാരിലൊരാളായ 'മേഴത്തോളഗ്നിഹോത്രി'യുടെ നാമധേയത്തെ തൃത്താലപ്രദേശം വായനശാലാരൂപേണ വീണ്ടും കേരളീയക്കു പൊക്കിക്കാണിച്ചു കൊടുത്തു. പൊക്കിന—സ്മർപുരുഷൻെറ കീർത്തിയെ വൃംജിപ്പിച്ചിരിക്കുന്നു. തൃത്താല .... പൊൽത്താലം—ഈ കൃത്യംകൊണ്ട് പുകൾസ്സുധക്കു—കീർത്തിയാകുന്ന അമൃതത്തിന്നു — പൊൽത്താലം (പൊന്നിൻതളിക) ആയിത്തീന്ന, തൃത്താലപ്രദേശം. ഈ സൽകൃത്യത്തിന്നു തൃത്താലപ്രദേശത്തെ അഭിനന്ദിക്കേണ്ടതാണെന്നു താൽപര്യം.

൯. രത്നാകരം=രത്നങ്ങളുടെ വിളനിലം; സമുദ്രം. ഉത്ഥിതയാം=പൊന്തിവന്ന. ഭൃഗുരാമമേദിനി=കേരളം. കേരളം സമുദ്രത്തിൽനിന്നുണ്ടായതാണല്ലോ. വിജനേ=ജനമില്ലാത്ത പ്രദേശത്ത്. ജനിച്ചപ്പോൾത്തന്നെ അഗ്നിഹോത്രിയേയും അച്ഛനമ്മമാർ മററു സ്വസന്താനങ്ങളെയെന്നപോലെ ഏതോ നിർജ്ജനപ്രദേശത്തു കിടത്തി നടകൊണ്ടു എന്നത്രേ ഐതിഹ്യം; അങ്ങിനെ കേരളത്തിന്നു കളഞ്ഞുകിട്ടിയ ഒരനഘരത്നമാണ് അഗ്നിഹോത്രി.

൧൦. അമരകുമാരൻ=ദേവകുമാരൻ. കേരള ... പേരാറ്=ഭാരതപ്പുഴ, ഭാരതപ്പുഴയുടെ വക്കത്തുള്ള ഒരു പ്രദേശമത്രേ

ത്തൂത്താല. ധവളം=വെളുത്തത്. ദേവകുമാരൻ വിൺഗംഗയുടെ മണൽത്തിട്ടിൽ വിഹരിക്കുന്നതുപോലെ, ഇദ്ദേഹം പെരിയാററിന്റെ മണൽപ്പരപ്പിൽ സ്വച്ഛന്ദം കളിയാടി. അമരകുമാരനെപ്പോലെ എന്ന ഉപമകൊണ്ടു സ്മരപുരുഷന്റെ വൈശിഷ്ട്യം വ്യഞ്ജിക്കുന്നു.

൧. സത്വഗുണാത്മകൻ=സത്വഗുണസ്വരൂപൻ. സദ്വിജൻ=ശ്രേഷ്ഠബ്രാഹ്മണൻ. നിത്യസംഗമം=നാൾതോറുമുള്ള കൂടിച്ചേർച്ച. ആനമലതന്റെ മകളാം—ഭാരതപ്പുഴ ആനമലയിൽനിന്നാണല്ലോ പുറപ്പെടുന്നത്. അദ്ദേഹത്തിന്റെ സത്വഗുണാധിക്യത്താലാണ്, ആനമലയുടെ മകൾക്ക് (പേരാററിന്ന്) ഇത്ര വെണ്മ കൈവന്നതെന്നുൽപ്രേക്ഷ.

൨. യതഹൃദയൻ=മനസ്സംയമമുള്ളവൻ. ശ്രുതിജ്ഞൻ=വേദാഭിജ്ഞൻ. അഗ്നിഹോത്രിയുടെ ഭാര്യ തന്റെ താലികിണ്ണത്തിൽ മണൽ നിറച്ചുവെച്ചു എന്നും, അതു പിന്നെ എടുക്കാൻ ഉന്നിഞ്ഞപ്പോൾ ഇളകിയില്ല എന്നും, ആ മണ്ണാണ് ത്തൂത്താലയപ്പനായി ഇന്നും പൂജിക്കപ്പെടുന്നതെന്നും, ഈ സംഭവത്താലാണ് ആ പ്രദേശത്തിന്നു ത്തൂത്താലം (ത്തൂത്താല) എന്ന പേർ വന്നതെന്നും മററും ഇതിഹാസമുണ്ടു്.

൩. ഓമലുടെ . . . . . മന്ത്രം—ആ പ്രതിഷ്ഠക്കുള്ള മന്ത്രം, അഗ്നിഹോത്രിപ്രിയതമയുടെ ഓട്ടുകൈവളകളുടെ (മണൽ വാരിയിടുമ്പോൾ പുറപ്പെട്ട) കിലുക്കംതന്നെയായിരുന്നു; മന്ത്രംകൊണ്ടെപ്രകാരമോ, അപ്രകാരംതന്നെ വളക്കിലുക്കംകൊണ്ടു പ്രതിഷ്ഠക്കു തികച്ചും ഉറപ്പുവന്നു!

൧൦. വരരുചിസുതൻ_വരരുചിയത്രേ അഗ്നിഹോത്രിയുടെ അച്ഛൻ. വാസവൻ = ഇന്ദ്രൻ. അനേകയജ്ഞകരൻ = വളരെ യാഗങ്ങൾ ചെയ്തവൻ; നൂറു യാഗം കഴിച്ചു എന്നാണൈതിഹ്യം. വാസ്തവികബ്രാഹ്മണ്യൻ = യഥാർത്ഥമായ ബ്രാഹ്മണ്യത്തോടുകൂടിയവൻ. വൈദേഹൻ = ജനകമഹാരാജാവ്. ജനകമഹാരാവു വിരക്തനെങ്കിലും കർമ്മശീലനായിരുന്നുവല്ലോ.

൧൧. യജ്വാവ് = യാഗം കഴിച്ചവൻ. അനഘസാമഗീതികൾ = വിശുദ്ധസാമവേദഗാനങ്ങൾ. തരളതരംഗങ്ങൾ = ഇളകിയ തിരമാലകൾ. നിളാതടിനി = ഭാരതപ്പുഴ. അദ്ദേഹത്തിന്റെ യാഗാവസരങ്ങളിലെ സാമഗാനങ്ങൾക്കു നിളാനദി തിരകളാൽ താളം പിടിച്ചുപോന്നു! പേരാററിൻ വക്കത്തുതന്നെയായിരുന്നു, അദ്ദേഹത്തിന്റെ യാഗശാല.

൧൨. മറയവർമണി = ബ്രാഹ്മണശ്രേഷ്ഠൻ. വരരുചിയുടെ പുത്രന്മാർതന്നെയത്രേ പറയൻ(പാക്കനാർ) മുതലായവരും. ഇവരെല്ലാവരോടുംകൂടി ഒരു ദർഭപ്പുല്ലിന്മേലാണ്, അദ്ദേഹം അച്ഛന്നു ശ്രാദ്ധമൂട്ടിയിരുന്നത് എന്നും ഐതിഹ്യം പറയുന്നു. അദ്ദേഹം ജാതിഭേദത്തെ ഗണിച്ചിരുന്നില്ല.

൧൩. അതു . . . . . എള്ളുനീരേകി — പില്ക്കാലത്ത് അതൊരു പഴംകഥയായിപ്പോകുമാറ് ഏതോ ഒരു കർമ്മിയുടെ കൈ · അദ്വൈതജന്മഭൂവിലെ — അദ്വൈതജ്ഞാനത്തിന്റെ ജന്മഭൂവിലെ—ശങ്കരാചാര്യർ അവതരിച്ച കേരളത്തിലെ—ആ പരമമായ ഐക്യത്തിന്ന് എള്ളുനീരേകിക്കളഞ്ഞു; ആ ഐക്യം മണ്ണടിഞ്ഞുപോയി. നമ്മുടെ ഇടയിൽ ഭേദബുദ്ധി വളരാൻ തുടങ്ങി എന്നു സാരം. അയിത്തത്തെ സൂചിപ്പിക്കുന്നു.

൫൪. ഭേദബുദ്ധിമൂലം, എല്ലാവരുടേയും അമ്മ ഒന്നാണെന്നു ഗണിയ്ക്കാൻ കൂട്ടാക്കാത്ത അവിശുദ്ധമതികൾ (മനശ്ശുദ്ധിയില്ലാത്തവർ) അന്യനെ തീണ്ടുകയോ തൊടുകയോ ചെയ്താൽ അശുദ്ധി പററുമെന്നു ശങ്കിയ്ക്കുന്നു? ഈ അശുദ്ധിശങ്കയുടെ ഉദ്ഭവം അവരുടെ മനശ്ശുദ്ധിരാഹിത്യത്തിൽനിന്നാണെന്നു താൽപര്യം.

൫൫. എളിയവരെ . . . . യാട്ടുമ്പോൾ — അയിത്തക്കാരെ മാററിനിർത്താൻ ആഭിജാത്യക്കാർ 'ഹാ, ഹാ' എന്നു ശബ്ദം കൂട്ടാറുണ്ടല്ലോ. അരുശ്ശൂന്യമാം . . . മാറെറാലി യാൽ—ഹാ ഹാ, എന്നുച്ചത്തിൽപ്പറയുമ്പോൾ പ്രതിധ്വനിയുണ്ടാവുമല്ലോ; ഈ അർത്ഥമില്ലാത്ത ആചാരത്തെക്കുറിച്ചു വെറും ശൂന്യമായ ആകാശത്തിന്നുകൂടിയുണ്ട് മനോവേദന.

൫൬. ജഗദീശനില്വ . . . . . വെച്ചല്ലോ—അയിത്തജാതിക്കാക്ക് അമ്പലങ്ങളിൽ പോകാൻ പാടില്ലെന്നതിനാൽ, അത് ഈശ്വരനിലുംകൂടി അശുദ്ധി ആരോപിയ്ക്കുകയാണെന്നു താൽപര്യം.

൫൭. കാതരർ—ഭീരുക്കൾ; അനാചാരത്തെ വൃഥാ പേടിയ്ക്കുന്നവർ. കാതരരെ . . . . നീ—സമുദായസ്സുഖ്യയെ സൂചിപ്പിയ്ക്കുന്നു. നേരിനെ . . . . . വിചിത്രം തേ—ഈ ലോകത്തിലുള്ള എല്ലാവരും ഒരേ ഒരമ്മയുടെ മക്കളാണെന്ന വാസ്തവത്തെ നുണയാക്കിത്തീക്കുന്നു; ഇല്ലെങ്കിൽ അവർ തമ്മിൽ കലഹത്തിനിടയുണ്ടാവില്ലല്ലോ. അഹോ, അയിത്തത്തിൻെറ നെറികേട് അദ്ഭുതകരംതന്നെ!

൫൮. പരപീഡനം സുകൃതമായ്—മററുള്ളവരെ ഉപദ്രവി

117454
032:1M78:53
[H4]

ക്കുക എന്നുള്ളതായിത്തീൻ പുണ്യകൃത്യം. അനാചാരം ആചാരവുമായി. പൊതുമുതൽ ചിലരുടെയായി—അമ്പലങ്ങളും മറ്റും മുഴുക്കും ചിലരുടെ സ്വകാൎയ്യസ്വത്തായിത്തീൻ. പൊതുമുതലാണെങ്കിൽ എല്ലാവൎക്കും ഒരുപോലെ ഉപയോഗിയ്ക്കാനുള്ളതാവണമല്ലോ. അയിത്തത്തിൻെറ സ്മൃതിവാക്യം (ധൎമ്മശാസ്ത്രം) സാധാരണധൎമ്മശാസ്ത്രംപോലെയൊന്നുമല്ല!

൫൯. മേദുരമഹിമാവ് = വലിയ മാഹാത്മ്യത്തോടുകൂടിയവൻ. സൌഭാത്ര . . . . . സാക്ഷിണി=സൌഭാത്രസുഭഗമായ അദ്ദേഹത്തിൻെറ മഖങ്ങ(പിതൃശ്രാദ്ധാദിക)ളുടെ സാക്ഷിണി (സാക്ഷിയായിട്ടുള്ളത്). സഹൃതനയ=പേരാർ. വിവിധ . . . . . ശീലെ—പലതരം മഹാഗ്രന്ഥങ്ങളെ ശേഖരിയ്ക്കുന്ന ശീലത്തോടു കൂടിയത്. ഈ വായനശാല ആരുടെ നാമധേയത്തെ വഹിയ്ക്കുന്നുവോ, ആ തീൎത്ഥപാദ(പൂജ്യപാദ)നായ അഗ്നിഹോത്രിയുടെ സൌഭ്രാത്രാതിശയത്തെ നാട്ടാരിലെമ്പാടും പരത്തി, ഈ ലോകമെല്ലാം ഒരേ ഒരു തറവാടാണെന്ന ബോധം പുലൎത്തിയാലും!

UNIVERSITY LIBRARY. MADRAS. 27 DEC 1945
DEPARTMENT ... UNIVERSITY OF MADRAS. 7 JAN 1946

29 JUL 1964

120